# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 8 August 2022 Rs. 15/-





www.ernakulamarchdiocese.org

# ജൂബിലി മംഗളങ്ങൾ!!!

## സുവർണ്ണജൂബിലി (1972-73 - 2022-23)


റവ. ഫാ. ജെയിംസ്
ആലുക്കൽ


റവ. ഫാ. കുര്യാക്കോസ്
പുത്തൻമനായിൽ


റവ. ഫാ. തോമസ്
വിതയത്തിൽ

## രജതജൂബിലി (1997-98 - 2022-23)


റവ. ഫാ. വർഗീസ്
മാണിക്കത്ത്


റവ. ഫാ. ജോസഫ് (ഷൈജി)
മാരാംപറമ്പിൽ


റവ. ഫാ. ആന്റണി
പരേര


റവ. ഫാ. തോമസ്
പെരുമ്പാടൻ


റവ. ഫാ. ജോയ്
പ്ലാക്കൽ


റവ. ഫാ. തോമസ്
പുളിക്കോട്ട്


റവ. ഫാ. ജോസഫ് (ഷൈജു)
വടക്കേത്തലക്കൽ


റവ. ഫാ. തോമസ്
വൈക്കത്തുപറമ്പിൽ


റവ. ഫാ. ജസ്റ്റിൻ
[illegible]

**പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന എല്ലാ ജൂബിലേറിയൻസിനും അതിരൂപതയുടെ മംഗളാശംസകളും പ്രാർത്ഥനയും സ്നേഹപൂർവ്വം നേരുന്നു.**

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 65 Issue No. 8 August 2022 Rs. 15/-


## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | തടവറ പ്രേഷിത ഞായർ |
| 10. | Engagements |
| 11. | കച്ചേരിക്കാര്യം |
| 11. | Transfers/Appointments |
| 13. | വൈദികസമിതിയോഗ സംയുക്ത റിപ്പോർട്ട് (174 - 180) |
| 20. | നിര്യാതരായി |
| 31. | വാർത്തകളും വിശേഷങ്ങളും |
| 32. | ആഗോള സിനഡ്: അതിരൂപതയിലെ പ്രാദേശികതല സിനഡൽ സമ്മേളന റിപ്പോർട്ട് |
| 53. | വിശ്വാസപരിശീലന കേന്ദ്രം |
| 66. | AICO |
| 57. | ഫാമിലി അപ്പോസ്തലേറ്റ് |
| 59. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 62. | അതിരൂപതാ ഡയറി |



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Palakkal Kuriakose, Pallipuram | 1858 | 1887 | 2-8-1916 |
| Fr. Manadan Gervasis, Alangad | 1882 | 1875 | 2-8-1930 |
| Fr. Parackal George, Narakkal | 1922 | 1951 | 2-8-1997 |
| Msgr. Kavalakkatt Varghese, Kadukutty | 1910 | 1936 | 3-8-1994 |
| Fr. Parathiparambil Thomas, Muttom | 1942 | 1968 | 4-8-1994 |
| Fr. Palathunkal Thomas, Udayanapuram | 1897 | 1921 | 9-8-1969 |
| Fr. Thekkinedath Varghese, N. Parur | | 1921 | 10-8-1933 |
| Fr. Elavumkudy Paul, Aimury | 1922 | 1953 | 10-8-2007 |
| Msgr. Panikulam Joseph, N. Parur | 1908 | 1933 | 11-8-1993 |
| Fr. Pazhemadom Mathew, Vallakom | 1924 | 1953 | 11-8-2012 |
| Fr. Mulakal Gheevarghese, Thycattussery | 1861 | 1887 | 12-8-1932 |
| Fr. Pudissery Varghese, Valluvally | 1934 | 1964 | 13-8-2003 |
| Msgr. Vadakumchery Paul, Alangad | 1901 | 1931 | 15-8-1978 |
| Fr. Kammattil Mathew, Vaikom | 1918 | 1945 | 16-8-1972 |
| Fr. Kottoor Kuriakose, Kandanad | 1890 | 1919 | 18-8-1966 |
| Fr. Veliyilparambil John, Muttom | 1920 | 1949 | 18-8-1990 |
| Fr. Nettikadan Thomas, Meloor | 1927 | 1955 | 21-8-1985 |
| Fr. Mampilly Jacob, Narakkal | 1924 | 1951 | 22-8-2004 |
| Fr. Chiramel Joseph, Manjapra | 1889 | 1917 | 23-8-1970 |
| Fr. Chully Joseph, Vallom | | | 24-8-1964 |
| Fr. Mannassery Cyriac, Valamangalam | 1934 | 1961 | 24-8-1990 |
| Fr. Elamkuttuchira Jacob, Vaikom | 1929 | 1958 | 24-8-1991 |
| Fr. Thachil Joseph, Angamaly | 1939 | 1964 | 25-8-1989 |
| Fr. Nettikadan Thomas, Meloor | 1882 | 1909 | 28-8-1944 |
| Fr. Mampilly John, N. Parur | 1897 | 1929 | 28-8-1989 |
| Fr. Joseph Koilparambil, Pallippuram | 1928 | 1994 | 28-8-2018 |
| Fr. Vadakumchery Louis, Manjapra | 1920 | 1947 | 29-8-2009 |

Ref:3736/K-5/KCBC/OL/DS 21-07-2022

# തടവറ പ്രേഷിത ഞായർ

**ആഗസ്റ്റ് 14, 2022**

## സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും

**യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യാ (World Prison Population List) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണ് ഉള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിത ഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

മൂന്നുപേരെ വധിച്ച ഫ്രാൻസീനി എന്ന കൊലയാളിയെ 'എന്റെ ആദ്യ പുത്രൻ' എന്നാണ് വിശുദ്ധ കൊച്ചുത്രേസ്യാ വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിന്റെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറ വാതിലുകളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കു, അവരുടെ മുറിവേറ്റ ഭാവത്തിലേക്കു നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

## ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ

(Prison Ministry, India- [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രധാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളികൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം ആരംഭിക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1-ാംതീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, 'സ്നേഹാശ്രമം' എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭി

ച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: ഞങ്ങളുടെകൂടെ ആയിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്.

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃത

ജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശുക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.


**ബിഷപ്പ് ആൽവിൻ ഡി സിൽവ**
ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

.........................................

N:B: ഈ സർക്കുലർ 2022 ആഗസ്റ്റ് 14-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# E N G A G E M E N T S



## Archbishop Antony Kariyil
### Vicar of the Major Archbishop

## AUGUST 2022

| | | | |
|---|---|---|---|
| 4 | am | Basilica, Ekm. | Vianney Day celebration |
| 1-5 | | Mount St. Thomas | KCBC Retreat |
| 6 | am | Niveditha | Inauguration of Art Exhibition C/o Sacred Music Department |
| | pm | Viani Printings | Viani Day |
| | | Pothy | Blessing of Priest Home Pothy |
| | | Online | Meeting of Academic Board of Bharatha Matha College of Legal Studies |
| 8 | am | Renewal Centre | CLC Meeting |
| | pm | Kanjoor | CHF Vestition |
| 9 | pm | Kizhakkambalam | Centenary Celebration and Blessing of School Building |
| 10 | pm | Pallippuram | Holy Mass and Flag Hoisting |
| 13 | pm | Jeevalaya | Meeting of Big Family |
| 14 | pm | Thalayolaparambu | Forane Youth Meeting |
| | | Nadel | Holy Mass - anniversary of all pious organizations |
| | | Vallakom | Parish Day Meeting |
| 15 | am | Muttom | Holy Mass |
| | pm | Basilica, Ekm. | Family Union Meeting |
| 16 - 27 | | Mount St. Thomas | Syro-Malabar Bishops' Synod |
| 21 | am | North Thuravoor | Vocation Day Holy Mass |
| 29 | pm | Marygiri | Blessing of Mental Care Centre |

* * * * *

കച്ചേരിക്കാര്യം

# Transfers/Appointments

## July 2022

| | |
|---|---|
| Chalangady James OCD | Muringoor, Asst. Vicar |
| Ambalathingal Varghese | Thrikkakara - S.H. Minor Seminary, Vice-Rector (Relieved - Pastoral Coordinator) |
| Kanjirathinkal Sebastian (Sebin) | Rome, Study |
| Kannaparamban Joseph (Saji) | Ernakulam - Naipunnya International, Director (Addl.) |
| Vadakkumchery Johnson | USA, Pastoral Work |
| Pynadath Thomas | Prasannapuram, Administrator |
| Vazhappilly Sebastian | Relieved - Prasannapuram, Administrator |
| Vellattuparambil Varghese (Praveen) | Edakkunnu, Asst. Vicar |
| Nedunilathuthara Jomy CMI | Relieved - Edakkunnu, Asst. Vicar |
| Vazhappilly Sebastian | Prasannapuram, Administrator |
| Kaniamparambil Joseph | Relieved - Prasannapuram, Administrator |
| Thottankara Jophy | Chittanad, Vicar + Metropolitan Tribunal, Defender of Bond |
| Vazhappilly Sebastian | Relieved - Chittanad, Vicar |
| Palathingal Jose | Kudavechoor, Vicar |
| Vazhakkala Antony | Metropolitan Tribunal, Adjutant Judicial Vicar |

**Chancellor**

# വൈദികരുടെ അലവൻസ് (2022)

17/03/2022-ലെ അതിരൂപതാ വൈദിക സമിതിയുടേയും, 16/07/2022-ലെ അതിരൂപതാ അജപാലന സമിതിയുടേയും തീരുമാനപ്രകാരം എറണാകുളം-അങ്കമാലി അതിരൂപതാ വൈദികരുടെ അലവൻസ് **2022 ആഗസ്റ്റ് മാസം മുതൽ പതിനയ്യായിരം (15,000)** രൂപയായി നിശ്ചയിച്ചിരിക്കുന്നു.

- **വൈദികൻ സ്ഥിരതാമസമില്ലാത്ത കുരിശുപള്ളികളിലെ ശുശ്രൂഷകൾക്കുള്ള അലവൻസ്:**
  - ആഴ്ചയിൽ **ഒരുദിവസം** മാത്രം വി. കുർബാനയുള്ള കുരിശുപള്ളികളിലെ ശുശ്രൂഷകൾക്ക് പ്രതിമാസം **1600.00 രൂപ** അലവൻസായി വൈദികന് നൽകേണ്ടതാണ് (2-2000/-, 3-2400/-, 4-2800, 5-3200/-, 6-3600/-, 7-4000/-)
- ഭക്ഷണം മഠങ്ങളിൽനിന്ന് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ചെലവിലേക്കായി ഓരോ വൈദികനും കുറഞ്ഞത് **5,000/-** രൂപയെങ്കിലും അവർക്ക് നൽകേണ്ടതാണ്.
- പ്രീസ്റ്റ് ഹോം/വീടുകളിൽ വിശ്രമജീവിതം (റിട്ടയേർഡ്) നയിക്കുന്ന അതിരൂപതാ വൈദികരുടെ പ്രതിമാസ അലവൻസ് **ഏഴായിരത്തി അഞ്ഞൂറ് (7,500) രൂപ** ആയിരിക്കും. ഇത് അതിരൂപതയിൽനിന്ന് നൽകുന്നതാണ്.
  - വൈദികമന്ദിരങ്ങളിൽ വിശ്രമിക്കുന്ന വൈദികർ അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം 25 കുർബാനകൾ ഓരോ മാസവും അർപ്പിക്കണം.
- ഇടവകകളിൽ/സ്ഥാപനങ്ങളിൽ റെസിഡന്റ് പ്രീസ്റ്റ് ആയി സേവനം ചെയ്യുന്ന വൈദികർക്ക് **15,000/- രൂപ** അവിടെനിന്ന് നൽകേണ്ടതാണ്.
- അതിരൂപതയുടെ നിർദ്ദേശമനുസരിച്ച് (ഇന്ത്യയിൽ) ഉപരിപഠനം നടത്തുന്ന, സ്കോളർഷിപ്പ് ലഭിക്കാത്ത വൈദികരുടെ ഫീസിന് പുറമെ, 2022 ആഗസ്റ്റ് മുതൽ **7,500/- രൂപ** അലവൻസും കൂടി അതിരൂപതയിൽനിന്ന് നൽകുന്നതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**
**27/07/2022**

# അഭിനന്ദനങ്ങൾ



ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് സൈക്കോളജി, കൗൺസിംഗ് & സ്പിരിച്ചാലിറ്റി ബിരുദാനന്തര ബിരുദപഠനത്തിൽ **ഒന്നാം റാങ്ക്** കരസ്ഥമാക്കിയ **ബ. അനു മൂഞ്ഞേലി അച്ചന്** അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!!!

# അതിരൂപതാ വൈദിക സമിതി

## യോഗങ്ങളുടെ സംയുക്ത റിപ്പോർട്ട് (174–180)

വൈദിക സമതിയുടെ ഏതാനും യോഗങ്ങളുടെ സംയുക്ത റിപ്പോർട്ടാണിത്. 174 മുതൽ 180 വരെയുള്ള യോഗങ്ങൾ അതിരൂപതയുടെ പ്രതിസന്ധിയുടെ നാളുകളിലാണ് നടന്നത്. അതിനാൽതന്നെ പതിവിനു വിപരീതമായി വൈദിക സമിതി അടിയന്തിര ഘട്ടങ്ങളിലൊക്കെ അദ്ധ്യക്ഷന്മാർ വിളിച്ചുകൂട്ടുകയാണുണ്ടായത്.

വൈദിക സമിതിയുടെ **174-ാം യോഗം** മാർച്ച് 21, 2019-ന് മേജർ ആർച്ചുബിഷപ് ഹൗസിൽ കൂടി. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന്റെ പ്രധാന അജണ്ട മൗണ്ട് സെന്റ് തോമസിൽ നിന്നും സിനഡിന്റെ പേരിൽ സെൻട്രൽ പൊലീസ് സ്റ്റേഷനിലും പിന്നീട് കാക്കനാട് സ്റ്റേഷനിലും നല്കിയ വിവാദരേഖാക്കേസിൽ അഭിവന്ദ്യ മനത്തോടത്ത് പിതാവിനെയും പോൾ തേലക്കാട്ടച്ചനെയും പ്രതികളാക്കിയ സംഭവമായിരുന്നു. സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എഫ്.ഐ.ആർ. സമിതിയുടെ അറിവിലേക്കായ് വായിച്ചു. മനത്തോടത്ത് പിതാവിനെ എഫ്.ഐ.ആർ.-ൽ പ്രതി ചേർത്തതിനെ വൈദിക സമിതി ഒന്നടങ്കം അപലപിച്ചു. ഈ കേസിന്റെ കാര്യം എത്രയും പെട്ടെന്ന് റോമിനെ അറിയിക്കണമെന്ന് സമിതിയംഗങ്ങൾ നിർദ്ദേശിച്ചു. ഇനി മുതൽ നാം ഈ കാര്യത്തിലും മറ്റു കേസുകളുടെ കാര്യത്തിലും നീക്കങ്ങൾ നടത്തു

മ്പോൾ വിദഗ്ധരായ ജസ്റ്റിസുമാരും വക്കീലന്മാരുമായി കൂടിയാലോചിച്ചതിനു ശേഷമേ പാടുള്ളൂ എന്നും നിർദ്ദേശം വന്നു. ഈ കേസിൽ വിദഗ്ധരായ വക്കീലന്മാരെ വച്ച് വാദിക്കണമെന്നും തീരുമാനിച്ചു. നമ്മുടെ അതിരൂപതയിൽ ഒരു വിജിലൻസ് കമ്മിറ്റിയില്ലാത്തതിന്റെ അഭാവം എല്ലാവരും ചൂണ്ടിക്കാട്ടി. അതിൻ പ്രകാരം പി.ആർ.ഒ. ഫാ. പോൾ കരടേൻ, സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടൻ, ഫാ. സാജു കോരേൻ എന്നിവരെ താല്ക്കാലികമായി വിജിലൻസ് കമ്മിറ്റിയംഗങ്ങളായ് നിയോഗിച്ചു.

അതിരൂപതയിലെ പ്രശ്നസങ്കീർണമായ സാഹചര്യങ്ങൾ വിലയിരുത്താനാണ് **175-ാം** വൈദിക സമിതി യോഗം അടിയന്തിരമായി വിളിച്ചുകൂട്ടിയത്. അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് അദ്ധ്യക്ഷനായ യോഗം 2019 മേയ് 2-ാം തീയതി ഉച്ച കഴിഞ്ഞ് 2.30 ന് മേജർ ആർച്ചുബിഷപ്സ് ഹൗസിൽ കൂടി. യോഗത്തിന്റെ വ്യത്യസ്ത കാരണങ്ങൾ അഭിവന്ദ്യ പിതാവ് വ്യക്തമാക്കി. അതിരൂപതയിലെ പ്രശ്നങ്ങൾ ഭൂമിയിടപാടും വിവാദ രേഖാക്കേസും പരിഹരിക്കുവാൻ പിതാവ് എടുക്കുന്ന നടപടികളെക്കുറിച്ചും പിതാവ് വിശദീകരിച്ചു. ചാൻസലർ പറവൂർ ഫൊറോനയിലെ പട്ടണം കുരിശുപള്ളിയെ ഇടവകയായി ഉയർത്തുന്നകാര്യം വൈദിക സമിതിയിൽ അവതരിപ്പിച്ചു.

വൈദിക സമിതിയുടെ **176-ാം** യോഗം 2019 ഡിസംബർ 3-ാം തീയതി രാവിലെ 10.00 മണിക്ക് മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി. അജണ്ടയിലെ പ്രധാന വിഷയം അതിരൂപതയുടെ സർവതോന്മുഖമായ വികസനത്തിനായുള്ള പദ്ധതികളെ (Long term and Short term projects) കുറിച്ചായിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി അതിരൂപത കടന്നുപോകുന്ന പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടാൻ ആലോചനാ സമിതിയും വൈദിക സമിതിയും കൂടിയാലോചിച്ച് പുതിയ പദ്ധതികളുമായി മുമ്പോട്ടു പോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കരിയിൽ പിതാവ് സംസാരിച്ചു. ചുരുങ്ങിയത് അഞ്ചുവർഷത്തെ പദ്ധതികളെങ്കിലും തയ്യാറാക്കി മുന്നോട്ട് പോകേണ്ടതാണ്. നമ്മുടെ അതിരൂപതയിലെ അജപാലന ശുശ്രൂഷ ഏറ്റവും മനോഹരമായി നടക്കുന്നുണ്ട്. ഭൂരിഭാഗം വൈദികരും നല്ല രീതിയിലാണ് ഇടവക ഭരണം കൊണ്ടു പോകുന്നത്. പിതാവ് എല്ലാവർക്കും നന്ദി പറയുകയും അനുമോദിക്കുകയും ചെയ്തു. അറ്റകുറ്റ പണികൾ ആവശ്യമായിടത്തൊക്കെ അതു ചെയ്തവരേയും, പുതിയ പള്ളികൾ പണിയാൻ മുൻകൈ എടുക്കുന്നവരെയും പിതാവ്

അഭിനന്ദിച്ചു. പൊതിയിലെ വൈദിക മന്ദിരം എത്രയും വേഗം പണി തീർക്കുമെന്നും പിതാവ് സൂചിപ്പിച്ചു. ആത്മീയ വളർച്ചയോടൊപ്പം തന്നെ ഭൗതിക തലത്തിലും നാം വളരേണ്ടതുണ്ട്. പ്രൊക്കുറേറ്റർ ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ അതിരൂപതയുടെ നിലവിലെ സാമ്പത്തിക സ്ഥിതി അവതരിപ്പിച്ചു. റെസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച് മൂന്നു കണക്കുകളാണ് അവതരിപ്പിച്ചത്. നേരായ രീതിയിൽ നടത്തിയ കച്ചവടമല്ലാത്തതിനാലും കാനോനിക സമിതികളെ പല കാര്യങ്ങളും മറച്ചു വച്ചതിനാലും ഈ ഇടപാടിലുണ്ടായിട്ടുള്ള ധാർമിക അപജയത്തെയാണ് നാം കണക്കിനേക്കാൾ കൂടുതൽ കണക്കിലെടുക്കേണ്ടതെന്ന് വൈദികർ ആവശ്യപ്പെട്ടു. സിനഡിന്റെ തീരുമാനങ്ങൾ നമ്മുടെ പള്ളികളിൽ പരസ്യമായി വായിച്ചതാണ്. അതിനാൽ ഈ നഷ്ടത്തിനു പരിഹാരം ഉണ്ടായേ മതിയാകു. അതിന്റെ അക്കൗണ്ടബിലിറ്റി ആരാണ് ഏറ്റെടുക്കേണ്ടത്. അവർ ഏറ്റെടുത്താൽ മാത്രമേ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളു. മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിൽ സ്ഥിരം സിനഡുമായി ചർച്ച ചെയ്ത് പരിഹരിക്കണമെന്നും അതിരൂപതയെ അതിഗുരുതരമായി ബാധിച്ച ഈ കാര്യത്തെ കുറിച്ച് ഒരു ധവളപത്രം പോലും ഇറക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. ചാൻസലർ, പറവൂർ ഫൊറോനയിലെ നീണ്ടൂർ പള്ളിയും ബസിലിക്ക ഫൊറോനയിലെ നെട്ടൂർ പള്ളിയും ഇടവകകളായി ഉയർത്തുന്ന കാര്യം സമിതിയെ അറിയിച്ചു.

വൈദികരുടെ സ്ഥലം മാറ്റത്തിന്റെ പുതിയ നയങ്ങളെ കുറിച്ചു ചർച്ച ചെയ്തു. പള്ളികളിലും സ്ഥാപനങ്ങളിലും നിയമനം സാധാരണയായി മൂന്ന് വർഷമെന്നും നിശ്ചയിച്ചു. എന്നിരുന്നാലും, ഓരോ സ്ഥാപനത്തിന്റെയും പള്ളിയുടെയും നിലവിലെ സ്ഥിതി കണക്കിലെടുത്തു ഈ കാര്യത്തിൽ മാറ്റങ്ങൾ വരുത്താൻ അദ്ധ്യക്ഷന് അവകാശമുണ്ടെന്നതും അംഗീകരിച്ചു. വൈദികർക്ക് ഓരോ സ്ഥാപനങ്ങളിലേക്കും മറ്റും മാറ്റം കൊടുക്കുമ്പോൾ വൈദികരെ കൂടി ശരിയായി പഠിച്ചിട്ടു വേണം നിശ്ചയിക്കാനെന്ന് അഭിപ്രായമുണ്ടായി. വൈദികരെ വിവിധ കോഴ്സുകൾക്കും ഉപരിപഠനത്തിനുമായി അയയ്ക്കാനുള്ള പദ്ധതികൾക്ക് അടിയന്തിര ശ്രദ്ധ കൊടുക്കണം. പഠനത്തിനായി വിദേശത്തു വിടുന്നവരെ വളരെ ശ്രദ്ധാപൂർവം തെരഞ്ഞെടുക്കണമെന്നും പഠനം കഴിഞ്ഞാൽ നാട്ടിലേക്ക് തിരികെ വിളിക്കണമെന്നും തീരുമാനിച്ചു. വൈദികരുടെ കൃത്യമായ ഒരു ഡേറ്റ ബാങ്ക് നമുക്കുണ്ടാകണം. അതുപോലെ ഓരോ സ്ഥാപനത്തിന്റെയും പ്രത്യേകതകളനുസരിച്ച് ഒരു സക്സഷൻ പദ്ധതിയും വേണം.

അഭിവന്ദ്യ കരിയിൽ പിതാവ് സമിതിയോഗത്തിന്റെ അവസാനം, അതിരൂപതയിലെ തന്റെ പ്രഥമ വൈദിക സമിതിയോഗം അനുഗ്രഹദായക നിമിഷങ്ങളായിരുന്നുവെന്നു പറഞ്ഞു.

വൈദിക സമിതിയുടെ **177-ാം** യോഗം 2020 നവംബർ 26-ാം തീയതി മേജർ ആർച്ചുബിഷപ്സ് ഹൗസിൽ മെത്രാപ്പോലീത്തൻ വികാരി മാർ ആന്റണി കരിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി. അജണ്ടയിലെ പ്രധാനവിഷയം ഭൂമിയിടപാടിൽ വന്ന നഷ്ടം പരിഹരിക്കാൻ സ്ഥിരം മെത്രാൻ സിനഡിന് സമർപ്പിക്കേണ്ട പേപ്പറിന്റെ കരടു രൂപം വായിച്ച് വൈദിക സമിതിയംഗങ്ങളുടെ അഭിപ്രായം ആരായുക എന്നതായിരുന്നു. 24 പേജുള്ള കരടു പേപ്പർ ചാൻസലർ ഫാ. വർഗീസ് പെരുമായൻ വായിച്ചു. ഈ റിപ്പോർട്ട് സിനഡ് അംഗീകരിച്ചാലുമില്ലെങ്കിലും ഞങ്ങളുടെ വേദന കരിയിൽ പിതാവ് സിനഡിനെ അറിയിക്കണമെന്ന് സമിതിയംഗങ്ങൾ ആവശ്യപ്പെട്ടു. പണത്തിന്റെ നഷ്ടപരിഹാര ത്തേക്കാൾ നാം ഊന്നൽ കൊടുക്കേണ്ടത് ധാർമിക നഷ്ടത്തിനാണെന്ന് വൈദികർ സൂചിപ്പിച്ചു. നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ഫൈനൽ പേപ്പറിൽ മൂന്നു സിഞ്ചെല്ലുസുമാർ, ഫിനാൻഷ്യൽ ഓഫീസർ, ചാൻസലർ, വൈദിക സമതി സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എന്നിവരുടെയും പേരുകൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചു. 2020 ആഗസ്റ്റിലെ സിനഡ് റിപ്പോർട്ടിൽ എറണാകുളത്തെ വൈദികരെ "deviants" എന്നു വിശേഷിപ്പിച്ചതിനെതിരെ വൈദിക സമിതി പ്രമേയം പാസ്സാക്കി. വൈദിക സമിതിയുടെ പേരിൽ സിനഡിന് ഈ പ്രസ്താവന ഔദ്യോഗികമായി പിൻവലിക്കാനുള്ള പരാതി കൊടുക്കാൻ സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടനെ ചുമതലപ്പെടുത്തുകയും ചെയ്തു. ലിസി ആശുപത്രിയുടെ ഡയറക്ടർ ഫാ. പോൾ കരേടൻ, ലിസി ആശുപത്രി കലൂർ പി.വി.എസ്. ഹോസ്പിറ്റൽ ഏറ്റെടുക്കുന്നതിന്റെ പ്രക്രിയയെക്കുറിച്ച് വൈദിക സമിതിയിൽ വിശദീകരിച്ചു.

വൈദിക സമിതിയുടെ **178-ാം** യോഗം 2021 ഏപ്രിൽ 22-ാം തീയതി 10.30-ന് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി. പിതാവ് ഏവർക്കും സ്വാഗതവും ഈസ്റ്റർ ആശംസകളും ആശംസിച്ചു.

റെസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച് നല്കിയ 12 അംഗ കമ്മിറ്റിയുടെ റിപ്പോർട്ട് പെർമെന്റ് സിനഡിനു കൊടുത്തതിനു ശേഷം സ്ഥിരം സിനഡ് നമുക്കയച്ച മറുപടി ചാൻസലർ വായിച്ചു. ഭൂമിയിടപാടിൽ വന്ന നഷ്ടം അവർ അംഗീകരിക്കുന്നുവെന്നും പക്ഷേ ആ നഷ്ടപരിഹാരത്തിനു കോട്ടപ്പടി

ഭൂമിയും ദേവികുളം ഭൂമിയും അതിന്റെ ഉടമസ്ഥർ തിരിച്ചെടുത്ത് നഷ്ട പരിഹാരമായി കണക്കാക്കിയിരിക്കുന്ന മുപ്പത് കോടിയോളം രൂപ ആ വസ്തുവിൽ അതിരൂപതയ്ക്കു തരാമെന്നും, അതിനായി അഡ്വ. വർഗീസ് കെ. പോൾ തന്റെ കക്ഷിക്കുവേണ്ടി സംസാരിക്കാൻ തയ്യാറാണെന്നു മാണ് അറിയിച്ചത്. അതിരൂപതയുടെ കൈവശമിരിക്കുന്ന ഭൂമിയാണ് കോട്ടപ്പടിയിലെയും, ദേവികുളത്തെയും. ആ ഭൂമി വില്ക്കണമെന്ന് പറയാൻ സിനഡിന് അധികാരമില്ല. അതിനാൽ, പെർമെനന്റ് സിന ഡിന്റെ ആവശ്യം തള്ളിക്കളയണമെന്ന് ഭൂരിപക്ഷം യോഗാംഗങ്ങളും അഭിപ്രായപ്പെട്ടു. കരിയിൽ പിതാവിനോട് ഈ കാര്യം റോമിൽ അവ തരിപ്പിക്കാനാണ് ഭൂരിപക്ഷം വൈദികരും അഭിപ്രായപ്പെട്ടത്.

ഇൻകം ടാക്സ് വിഭാഗം നേരത്തെ 2019 ഏപ്രിൽ 29-ന് രണ്ട് കോടി നാലപത് ലക്ഷമാണ് നമുക്കു ഫൈൻ ഇട്ടതും നാം അടച്ചതും. അത് നമ്മുടെ അസ്സസ്സ്മെന്റ് അനുസരിച്ചാണ്. അപ്പോൾ അവർ പറഞ്ഞിരുന്നു, ഇനി അവരുടെ അസ്സസ്സ്മെന്റ് വരുമെന്ന്. അവർ പറഞ്ഞു. പ്രകാരം ഇപ്പോൾ മൂന്ന് കോടി നാല്പത്തിയഞ്ച് ലക്ഷം ഫൈൻ വീണ്ടും വന്നി രിക്കുന്നു. 1) നാല് ആധാരങ്ങൾ ഫെയർ വാല്യുവിന്റെ താഴെയാണ് തുക എഴുതിയിരിക്കുന്നത്, പക്ഷേ, മുദ്രപത്രം ഫെയർ വാല്യുവിന്റെ ശതമാനമനുസരിച്ചാണുതാനും. 2) ദേവികുളം സ്ഥലം വാങ്ങാൻ ഇരു പത്തിയഞ്ച് ലക്ഷം രൂപ അക്കൗണ്ട് വഴിയും ബാക്കി തുക പണമായിട്ടും നല്കിയിരിക്കുന്നു. 3) മരട് സ്ഥലം വാങ്ങിയത് ഫെയർ വാല്യു കുറച്ചു കാണിച്ചാണ്. 30 ശതമാനം ടാക്സ് കൊടുക്കേണ്ടിവരും. ഇൻകം ടാക്സ് ഫൈനിനെക്കുറിച്ച് പെർമെനന്റ് സിനഡിനെ അറിയിക്കണമെന്നും അവർ അതിനുപരിഹാരം കണ്ടെത്തണമെന്നും അഭിപ്രായമുണ്ടായി.

ആർച്ചുബിഷപ്പ് അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ നാമകരണ പ്രക്രിയ ആരംഭിക്കണമെന്ന് സി.എസ്.എൻ. സിസ്റ്റേഴ്സ് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് വ്യക്തമായ അന്വേഷണം നടത്തിയതിനുശേഷം നട പടി ആരംഭിക്കുന്നതാണ് നല്ലതെന്ന് അഭിപ്രായമുണ്ടായി. പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി ഒരു വർഷം കൂടി നീട്ടണമെന്ന അഭിപ്രായ ത്തോട് എല്ലാവരും യോജിച്ചു.

ചരിത്രത്തിലാദ്യമായി വൈദിക സമിതി യോഗം ഓൺലൈനിൽ കൂടി. 2021 ആഗസ്റ്റ് 03-ാം തീയതി **179-ാമത്** യോഗത്തിന്റെ അദ്ധ്യക്ഷ പ്രസം ഗത്തിൽ ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് ഇത്തരത്തിൽ ഓൺലൈൻ വൈദികസമിതി യോഗം വിളിച്ചുകൂട്ടാനുണ്ടായ കാരണ ത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് എല്ലാവരെയും സ്വാഗതം ചെയ്തു.

ഇൻകം ടാക്സ് ഫൈനും പരിഹാരങ്ങളും എന്ന ഒറ്റവിഷയം മാത്രമായിരുന്നു അജണ്ടയിൽ ഉണ്ടായിരുന്നത്. ചർച്ചയുടെ മോഡറേറ്റർ സിഞ്ചെല്ലൂസ് ഫാ. ജോയ് അയിനിയാടൻ ആയിരുന്നു. അതിരൂപതയുടെ പ്രോക്കുറേറ്റർ ഫാ. സെബാസ്റ്റ്യൻ മാണിക്കത്താൻ വിഷയം അവതരിപ്പിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുടെ 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിംഗ് റിപ്പോർട്ടിലെ ക്രമക്കേടുകൾക്കാണ് ഫൈൻ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. ഇൻകം ടാക്സിന്റെ ഫൈനിനെ ചലഞ്ചു ചെയ്യാനുള്ള മാർഗങ്ങൾ അതിരൂപത സ്വീകരിക്കാനും തീരുമാനിച്ചു. സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടൻ യോഗത്തിനു നന്ദി പ്രകാശിപ്പിച്ചു.

എറണാകുളം-അങ്കമാലി അതിരൂപത വൈദികസമിതിയുടെ **180-ാമത്** യോഗം 2022 ഫെബ്രുവരി 21 തിങ്കൾ, 2.30 ന് എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടി.

*ജനാഭിമുഖ കുർബാനയും സിനഡ് തീരുമാനവും* എന്ന വിഷയത്തെക്കുറിച്ച് മോൺ. ആന്റണി നരികുളം സംസാരിച്ചു. 2023 -ലെ ആഗോള മെത്രാൻ സിനിഡിന്റെ *വാദേമേക്കും* (കൈപുസ്തകം) -ന്റെ വെളിച്ചത്തിൽ *"ഒരു സിനഡാത്മക സഭക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം"* എന്ന വിഷയത്തെ സംബന്ധിച്ച ചർച്ചകൾക്ക് ഫാ. മാർട്ടിൻ കല്ലുങ്കൽ നേതൃത്വം നല്കി. അതിരൂപതാ, ഫൊറോന, ഇടവക തലങ്ങളിലാണ് ആഗോള സിനഡിന്റെ വിഷയം സിനഡാലിറ്റിയെക്കുറിച്ചുള്ള ചർച്ചകൾ നടത്തേണ്ടത്. സഭയ്ക്കു അത്ര പതിവില്ലാത്ത ഒരു രീതി. സാധാരണയായി സഭയിൽ ആരും ശ്രവിക്കാൻ ശ്രദ്ധിക്കാത്ത വ്യക്തികളെ പോലും കേൾക്കുകയും അവരുടെ അഭിപ്രായം ആരായുകയും വേണം എന്നത് ഫ്രാൻസിസ് മാർപാപ്പ ആധുനിക ലോകത്തിന്റെ ഹൃദയമിടിപ്പുകൾക്കനുസരണം ആവശ്യപ്പെട്ടിരിക്കുന്നതാണെന്ന് മാർട്ടിൻ അച്ചൻ പറഞ്ഞു.

രണ്ടാം വത്തിക്കാൻ കൗൺസിലാണ് പങ്കാളിത്ത സഭയെക്കുറിച്ച് പറഞ്ഞുവച്ചത്. അതിന്റെ തുടർച്ചയാണ് ഈ സിനഡാലിറ്റി ചിന്തകളും. അതിനിടെ ഇന്ന് നമ്മുടെ അതിരൂപത അഭിമുഖികരിക്കുന്ന ഏറ്റവും വലിയ പ്രശ്നവും ഇതു തന്നെയല്ലേ എന്ന ചോദ്യവും ഉയർന്നു. ആയിരക്കണക്കിന് വൈദികരും ലക്ഷക്കണക്കിന് വിശ്വാസികളും ജനാഭിമുഖ കുർബാനയ്ക്കായി ആവശ്യപ്പെട്ടിട്ടും അവരെ കേൾക്കാതെ ഏകപക്ഷീ

യമായ തീരുമാനമെടുക്കുന്ന ഒരു സിനഡാണ് നമ്മുടേത്. ഇത്തരം ചർച്ചകൾക്ക് നമ്മുടെ സഭയിൽ എന്തെങ്കിലും മാറ്റം വരുത്താനാകുമോ എന്ന സംശയവും പ്രകടിപ്പിച്ചു. സിനഡാലിറ്റിയെക്കുറിച്ചുള്ള നമ്മുടെ അതിരൂപതയിലെ നിർദ്ദേശങ്ങൾ നമുക്കു പുസ്തകമായി പ്രസിദ്ധീകരിക്കാമെന്നും വേണമെങ്കിൽ ഔദ്യോഗിക തലങ്ങളിലേക്ക് നമുക്ക് തന്നെ അയച്ചുകൊടുക്കാമെന്നും മാർട്ടിൻ അച്ചൻ മറുപടി നല്കി.

അതിരൂപതയക്ക് ഒരു സോഷ്യൽ മീഡിയ വിഭാഗം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയേയും പ്രസക്തിയെയും കുറിച്ച് സുബോധന പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. രാജൻ പുന്നയ്ക്കൽ വിശദീകരിച്ചു. ഈ ആശയത്തോട് സമിതിയംഗങ്ങൾ എല്ലാവരും യോജിച്ചു. എത്രയും വേഗം അതിനുള്ള ക്രമീകരണങ്ങൾ തയ്യാറാക്കാനും നിർദ്ദേശിച്ചു. വൈദികരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ വന്നു. അതിന്റെ വിശദാംശങ്ങൾ പഠിച്ച് സമിതിയിൽ അവതരിപ്പിക്കാൻ ചാൻസലർ ഫാ. വർഗീസ് പെരുമായൻ കൺവീനറായും, വൈദിക സമതി സെക്രട്ടറി ഫാ. കുര്യാക്കോസ് മുണ്ടാടൻ, ഫാ. ബെന്നി മാരാംപറമ്പിൽ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ നിർദ്ദേശിച്ചു.

**സെക്രട്ടറി**
**ഫാ. കുര്യാക്കോസ് മുണ്ടാടൻ**

---

# *New Office-Bearers*

## Missionary Congregation of the Blessed Sacrament (MCBS)

### Param Prasad Province, Thannipuzha

| | | |
|---|---|---|
| Provincial Superior | - | Fr. Joseph Kaipayil MCBS |
| Vicar Provincial | - | Fr. Jose Pathiyamoola MCBS |
| Councillors: | - | Fr. Francis Kodiyan MCBS |
| | - | Fr. George Kannamplackal MCBS |
| | - | Fr. Antony Puthuva MCBS |

***Congratulations and Prayerful Wishes***



# നിര്യാതരായി



## ഫാ. മാത്യു വാളൂക്കാരൻ

**ജനനം: 26-10-1937**
**തിരുപ്പട്ടം: 11-03-1966**
**മരണം: 20-07-2022**

ബഹുമാനപ്പെട്ട മാത്യു വാളൂക്കാരൻ അച്ചൻ 1937 ഒക്ടോബർ 26-ാം തീയതി കറുകുറ്റി ഇടവകയിലെ വാളൂക്കാരൻ ദേവസ്സി-മറിയം ദമ്പതികളുടെ നാല് മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1966 മാർച്ച് 11-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ വൈക്കം, മുട്ടം എന്നീ ഫൊറോനപ്പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും തുടർന്ന് തുണ്ടത്തുംകടവ് & വരാപ്പുഴ, കവരപ്പറമ്പ്, മംഗലശ്ശേരി, ഉദയനാപുരം, ഓാറസ്സേം, നാലുകെട്ട്, നെടുങ്ങാട്, സൗത്ത് പറവൂർ, മാണിക്കമംഗലം, വള്ളുവള്ളി, കീച്ചേരി, കാതിക്കുടം, പല്ലംതുരുത്ത് എന്നീ ഇടവകകളിൽ വികാരിയായും പിന്നീട് കുടവെച്ചൂർ പള്ളിയിൽ റസിഡന്റായും സ്തുത്യർഹമായ രീതിയിൽ അജപാലന ശുശ്രൂഷ നിർവഹിച്ചു. വിവിധ ഇടവകകളിലെ അജപാലനശുശ്രൂഷകൾക്കു ശേഷം എടക്കുന്ന് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരവെയാണ് വാർധക്യസഹജമായ അസുഖങ്ങളാൽ ബഹു. മാത്യു വാളൂക്കാരനച്ചൻ 84-ാം വയസ്സിൽ, 2022 ജൂലൈ 20-ാം തീയതി, ബുധനാഴ്ച്ച, ഈ ലോകത്തിൽനിന്നും വിടപറഞ്ഞത്.

ബഹു. മാത്യു വാളൂക്കാരൻ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ്, മാത്യു അച്ചന്റെ ബന്ധുവായ ബഹു. തോമസ് വാളൂക്കാരൻ,

ബഹു. ജോസഫ് പാറേക്കാട്ടിൽ, നാട്ടുകാരനായ ബഹു. തോമസ് പൈനാടത്ത് എന്നീ വൈദികരും കരിയിൽ പിതാവിനോടൊപ്പം മദ്ബഹയിൽ സഹകാർമ്മികരായി.

തന്റെ ആമുഖത്തിൽ കരിയിൽ പിതാവ് മാത്യു അച്ചനെ ഇങ്ങനെ ഓർത്തെടുത്തു: മാത്യു വാളൂക്കാരൻ അച്ചൻ വളരെ ശാന്തതയുള്ള ഒരു വൈദീകനായിരുന്നു. വളരെ ലളിതവും ശാന്തവുമായിരുന്നു അച്ചന്റെ അജപാലന ശുശ്രൂഷകൾ. ഏത് ശുശ്രൂഷകൾ ഏല്പിച്ചാലും അത് വിധേയത്വത്തോടുകൂടി ഏറ്റെടുത്ത് ശുശ്രൂഷചെയ്യാൻ അച്ചന് സാധിച്ചിരുന്നു. മാത്യു അച്ചനിലൂടെ ഈ അതിരൂപതയ്ക്കും സഭയ്ക്കും ലഭിച്ചിട്ടുള്ള എല്ലാ നന്മകളെയും ഓർത്ത് നമുക്ക് ഈ ബലിയിൽ ദൈവത്തിനു നന്ദി പറയാം. തീർച്ചയായും അച്ചന്റെ വേർപാട് നമ്മെയെല്ലാം സങ്കടപ്പെടുത്തുന്നുണ്ട്. പ്രത്യേകിച്ച് അച്ചന്റെ കുടുംബാംഗങ്ങളെ. ഈ ഇടവകയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഒന്നര വർഷത്തിനിടെ രണ്ടാമത്തെ വൈദീകനെയാണ് നമുക്ക് നഷ്ടമാകുന്നത്. മാത്യു അച്ചൻ സേവനം ചെയ്തിരുന്ന ഇടവകകളിൽ നിന്നും വന്നിരിക്കുന്ന ആളുകൾ ഇവിടെയുണ്ട്. നിങ്ങളുടെയല്ലാം ദുഃഖത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയും പങ്കുചേരുന്നു. വിശ്രമ കാലത്ത് അച്ചനെ ശുശ്രൂഷിച്ച എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിലെ എല്ലാവരെയും പ്രത്യേകമായി ഡയറക്ടർ അച്ചനെയും സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

കറുകുറ്റി ഫൊറോനാ ഇടവകാംഗവും കൊരട്ടി ഫൊറോനാപ്പള്ളി വികാരിയുമായ ബ. ജോസ് ഇടശ്ശേരിയച്ചനാണ് തിരുവചന സന്ദേശം നൽകിയത്. വേനൽക്കാലത്ത് ശാന്തമായ ഒരു നദി ഒഴുകി കടലിൽ ചേരുന്നതുപോലെ മാത്യു അച്ചന്റെ ശാന്തമായ ജീവിതം ദൈവത്തിൽ ലയിച്ചിരിക്കുകയാണ്. ആശുപത്രിയിലേക്ക് പോകുന്ന വേളയിൽ മാത്യു അച്ചൻ തോമസ് അച്ചനോട് പറഞ്ഞു: "ഞാൻ ഇപ്പോൾ വേറൊരു ലോകത്താണല്ലോ. ഇനിമേൽ എല്ലാം നോക്കിനടത്തിക്കൊള്ളണം". നാളുകളായി രോഗിയായിരുന്നെങ്കിലും അവസാന ദിവസങ്ങളെപ്പറ്റി അദ്ദേഹത്തിന് ഉള്ളിൽ ഒരു ബോധ്യമുണ്ടായിരുന്നു എന്നതിന്റെ സൂചനയാണിത്. ഞാൻ എന്റെ പിതാവിന്റെ ഭവനത്തിലേക്ക് പോവുകയാണ് എന്ന ഒരു മുന്നറിയിപ്പ് ലഭിച്ചതുപോലെ വലിയ ഒരുക്കത്തോടെയാണ് മാത്യു അച്ചൻ ഇപ്രാവശ്യം ആശുപത്രിയിലേക്ക് പോയത്.

എല്ലാവരോടും സന്തോഷത്തോടെയാണ് അച്ചൻ ഇടപഴകിയിരുന്നത്. മനോഹരമായ ഒരു പുഞ്ചിരി എന്നും മുഖത്തുണ്ടായിരുന്നു. അവസാന നാളുകളിൽ കേൾവിക്ക് അൽപം പ്രശ്നമുണ്ടായിരുന്നെങ്കിലും കാണുമ്പോഴൊക്കെ കുശലാന്വേഷണം നടത്തുന്ന കാര്യത്തിൽ ബദ്ധശ്രദ്ധനായിരുന്നു. താഴെയുള്ള അച്ചന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ വളരെയധികം ഉത്സാഹമുണ്ടായിരുന്നു. ഇരുപത്തിമൂന്നാം സങ്കീർത്തനമാണ് അച്ചന്റെ ജീവിതം കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്. "കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു". ഒരിക്കലെങ്കിലും ഒരു പരാതി തന്റെ പൗരോഹിത്യജീവിതത്തിൽ അധികാരികളോട് പറഞ്ഞിട്ടുള്ളതായി ഞാൻ കേട്ടിട്ടില്ല. വലിയ സ്വപ്നങ്ങളും സ്ഥാനമാനങ്ങളെ കുറിച്ചുള്ള ചിന്തകളും അദ്ദേഹത്തെ ഒരിക്കലും ബാധിച്ചിരുന്നില്ല. തന്നെ ഏൽപിക്കുന്ന സ്ഥലത്തെ ജനങ്ങളോട് അടുത്ത് ഇടപഴുകി തനിക്കു ചെയ്യാൻ സാധിക്കുന്ന ശുശ്രൂഷകൾ ഏറ്റവും സന്തോഷത്തോടെ ചെയ്യുന്ന വൈദികനായിരുന്നു അദ്ദേഹം. ഇതായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സവിശേഷത.

റോമ. 14:18-19-ൽ നാം ഇപ്രകാരം വായിക്കുന്നു: "ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നവൻ ദൈവത്തിന് സ്വീകാര്യനും മനുഷ്യർക്ക് സുസ്സമ്മതനുമാണ്. സമാധാനത്തിനും പരസ്പര ഉത്കർഷത്തിനും ഉതകുന്നവ നമുക്ക് അനുവർത്തിക്കാം". പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ അനുവർത്തിച്ചിരുന്ന ഒരു വൈദികനാണ് മാത്യു അച്ചൻ. നെടുങ്ങാട് ഇടവകയിലേക്ക് അച്ചൻ സ്ഥലം മാറി പോകുമ്പോൾ വലിയ പ്രതിസന്ധിയുടെ സാഹചര്യമായിരുന്നു. ആ ഇടവകയിലേക്ക് അച്ചനൊപ്പം കാറിൽ പോകുമ്പോൾ ചില ബഹളങ്ങൾ കേൾക്കാനിടയായി. ആ സമയത്ത് വഴിയിൽ ബ്ലോക്കുണ്ടായി ഞങ്ങൾ ഇറങ്ങി നിന്നപ്പോൾ അച്ചന് പേടിയുണ്ടോ എന്ന് ഞാൻ ചോദിച്ചു. അച്ചന്റെ മറുപടി ഒരു ചിരിയായിരുന്നു. പ്രതിസന്ധി നിറഞ്ഞ ആ ഇടവകയിലേക്ക് ചിരിച്ചുകൊണ്ടാണ് അദ്ദേഹം പോയത്. ചിരിച്ചുകൊണ്ട് തന്നെ അവിടെ നിന്ന് ഇറങ്ങാനും അദ്ദേഹത്തിന് സാധിച്ചു. ഇതാണ് മാത്യു അച്ചന്റെ സ്വഭാവത്തിലെ വൈശിഷ്ട്യം. അദ്ദേഹം അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്തിരുന്ന മുട്ടം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി ഞാൻ ചെന്നപ്പോൾ അവിടുത്തെ

ഇടവകക്കാർ എന്നോടു പറഞ്ഞു: "കറുകുറ്റിയിൽ നിന്നും ഇവിടെ ഒരു മാത്യു അച്ചനുണ്ടായിരുന്നു. വളരെ ശാന്തനായിരുന്നു അദ്ദേഹം".

കുടുംബാംഗങ്ങളോട് പുലർത്തിയിരുന്ന സ്നേഹമാണ് അച്ചന്റെ ജീവിതത്തിൽ ഞാൻ കണ്ട മറ്റൊരു പ്രത്യേകത. കുടുംബാംഗങ്ങളോരുത്തരുടെയും കാര്യത്തിൽ അദ്ദേഹത്തിന് വലിയ താത്പര്യമുണ്ടായിരുന്നു. എപ്പോഴും സ്നേഹാന്വേഷണം നടത്തുന്ന, അവരെ സഹായിക്കുന്ന, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന, അവരെയോർത്ത് സന്തോഷിക്കുന്ന ഒരു ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു. അതു തന്നെയായിരുന്നു ഇടവകയിൽ നിന്നുള്ള വൈദികരായ ഞങ്ങളെക്കുറിച്ചും അച്ചന് ഉണ്ടായിരുന്ന നിലപാട്.

എപ്പോഴും മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും നൽകാൻ കഴിയുന്നതിൽ അഭിമാനിക്കുന്ന ഒരു പുരോഹിതനായിരുന്നു അദ്ദേഹം. നമ്മുടെ അതിരൂപതയിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാത്യു അച്ചനെ അത് അധികം വലയ്ക്കാറില്ല. തന്നെ തമ്പുരാൻ ഏൽപിച്ച ജോലി സന്തോഷത്തോടെ ചെയ്യുക. നിങ്ങളൊക്കെ മറ്റു കാര്യങ്ങൾ നോക്കിക്കൊള്ളുക. ഞാൻ എന്റെ ശുശ്രൂഷ ചെയ്യാൻ ശ്രമിക്കുന്നു. ഈ നിലപാടാണ് എപ്പോഴും അച്ചൻ എടുത്തിരുന്നത്. തീർച്ചയായും മാത്യു അച്ചനെ ഓർത്ത് നമുക്ക് അഭിമാനിക്കാം.

എല്ലാവിധത്തിലും ഈ ഇടവകയ്ക്കും വൈദികർക്കും സന്ന്യസ്തർക്കും അഭിമാനമായി നമുക്കു മുമ്പേ കടന്നുപോകുന്ന മാത്യു അച്ചനെ ഏറെ സ്നേഹത്തോടെ നമുക്ക് യാത്രയയ്ക്കാം. അച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ പുലർത്തുന്ന ധാരാളം ഇടവകകളുണ്ട്. അച്ചന്റെ സേവനങ്ങൾക്ക് പിതാവായ ദൈവത്തിന് നന്ദി പറയാം. നമ്മുടെ പൗരോഹിത്യകൂട്ടായ്മയിൽ നിന്നും കടന്നുപോകുന്ന മാത്യു അച്ചൻ നമ്മുടെ അതിരൂപതയുടെ പ്രതിസന്ധി കാലഘട്ടങ്ങളിൽ നമുക്കുവേണ്ടി പിതാവായ ദൈവത്തിന്റെ പക്കൽ മാദ്ധ്യസ്ഥ്യംവഹിച്ച് പ്രാർത്ഥിക്കട്ടെ. അച്ചന്റെ ആത്മീയ സാന്നിധ്യം നമുക്കെല്ലാവർക്കും ഒരു അനുഗ്രഹമായി മാറട്ടെ എന്നു പറഞ്ഞുകൊണ്ടാണ് ഇടശ്ശേരിയച്ചൻ തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഒരു അനുശോചന സന്ദേശം അയച്ചിരുന്നു. അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ സംബ

ന്ധിക്കുവാൻ സാധിക്കുകയില്ലെന്നും ചില ശുശ്രൂഷകൾക്കായി ചെന്നൈയിലാണെന്നും ആലഞ്ചേരി പിതാവ് അറിയിച്ചു. തന്റെ സന്ദേശത്തിൽ മാത്യു അച്ചനെ പിതാവ് ഇങ്ങനെ ഓർത്തെടുത്തു: ബഹു. മാത്യു അച്ചൻ 84 വയസുവരെ ജീവിച്ചു. അദ്ദേഹത്തിന്റെ അജപാലനശുശ്രൂഷകളും സുദീർഘമായിരുന്നു. ഈ ശുശ്രൂഷകളിലൂടെയല്ലാം ആയിരക്കണക്കിനാളുകളുടെ ആത്മീയ പരിപാലനത്തിനും ജീവിതോത്കർഷത്തിനും വേണ്ടി അച്ചൻ അത്യദ്ധ്വാനം ചെയ്തു. അതുവഴി നമ്മുടെ അതിരൂപതയിൽ അനേകരുടെ അംഗീകാരത്തിനും സ്നേഹത്തിനും അച്ചൻ പാത്രീഭൂതനായി. വിശ്രമകാലത്തെ സംതൃപ്ത ജീവിതത്തിനിടയിലാണ് മരണം സംഭവിച്ചിരിക്കുന്നത്. അതിനാൽ, കാരുണ്യവാനായ കർത്താവ് അദ്ദേഹത്തിനു നിത്യസൗഭാഗ്യം നൽകുമെന്ന് ന്യായമായും നമുക്കു പ്രതീക്ഷിക്കാം. "എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല" (1 കോറി 2:9) എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. ഈ വിശ്വാസത്തോടെ, നമ്മിൽനിന്നു വേർപിരിഞ്ഞ ഈ സഹോദരവൈദികന്റെ നിത്യശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

വളരെ ശാന്തമായി നിഷ്കളങ്കതയോടെ കാപട്യങ്ങളില്ലാതെ എല്ലാവരേയും സ്നേഹിച്ചും സഹായിച്ചും കടന്നുപോയ പ്രിയപ്പെട്ട വാളൂക്കാരൻ മാത്യു അച്ചൻ വൈദികർക്ക് ഒരു മാതൃകയായിരുന്നു. ഈ വേർപാട് സഹോദരപുത്രനായ തോമസ് അച്ചന് എന്നതുപോലെ ഓരോ വൈദികർക്കും വലിയൊരു സ്നേഹസാന്നിദ്ധ്യത്തിന്റെ നഷ്ടം തോന്നുന്നതാണ്. അജപാലനശുശ്രൂഷയിൽ എളിമകൊണ്ടും നന്മകൊണ്ടും ഏറെ പ്രവർത്തിച്ച ബ. മാത്യു വാളൂക്കാരനച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രാർത്ഥനാ നിർഭരമായ യാത്രാമൊഴി!!!

■



# ഫാ. ജോർജ് നേരേവീട്ടിൽ

**ജനനം: 11-07-1963**
**തിരുപ്പട്ടം: 29-12-1990**
**മരണം: 22-07-2022**

ബഹുമാനപ്പെട്ട ജോർജ് നേരേവീട്ടിൽ അച്ചൻ 1963 ജൂലൈ 11-ാം തീയതി ഇടപ്പള്ളി ഇടവകയിലെ നേരേവീട്ടിൽ തോമസ്-കത്രീന ദമ്പതികളുടെ ഏട്ടു മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് വടവാതൂർ സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി, 1990 ഡിസംബർ 29-ാം തീയതി കർദ്ദിനാൾ ആന്റണി പടിയറ പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. നമ്മുടെ അതിരൂപതയിലെ അങ്കമാലി ഫൊറോന പള്ളിയിൽ അസിസ്റ്റന്‍ വികാരിയായും പള്ളിമുകൾ, കരിമുഗൾ, അമ്പലമുകൾ, അമ്പലമേട്, കാരുകുന്ന് എന്നീ പള്ളികളിൽ പ്രോ- വികാരിയായും കൊങ്ങോർപ്പിള്ളി, ഉദയനാപുരം, ഓർസ്ലേം, മാമ്പ്ര, ആലങ്ങാട് എന്നീ ഇടവകകളിൽ വികാരിയായും അജപാലന ശുശ്രൂഷ നിർവഹിച്ചു. കൂടാതെ, കെ.സി.എസ്.എൽ., മദ്യവിരുദ്ധസമിതി എന്നിവയുടെ അതിരൂപതാ ഡയറക്ടറായും സ്തുത്യർഹമായ സേവനമാണ് അച്ചൻ കാഴ്ച വച്ചിട്ടുള്ളത്. കുടവെച്ചൂർ പള്ളിയിൽ ശുശ്രൂഷ ചെയ്തുവരവേയാണ് ഹൃദയസംബന്ധമായ അസുഖത്തെത്തുടർന്ന്, 2022 ജൂലൈ 22-ാം തീയതി, വെള്ളിയാഴ്ച്ച, ലിസ്സി ആശുപത്രിയിൽ വച്ച് ബഹു, ജോർജ് നേരേവീട്ടിൽ അച്ചൻ ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗീയ പിതാവിന്റ വസതിയിലേക്ക് യാത്രയായത്.

പ്രിയപ്പെട്ട ജോർജ് നേരേവീട്ടിൽ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ തോമസ് ചക്യത്ത്, മുൻവികാരി ബഹു. സെബാസ്റ്റ്യൻ വാഴപ്പിള്ളി, ജോർജ് അച്ചന്റെ ബാച്ചുകാരായ ബഹു. അഗസ്റ്റിൻ ഭരണികുളങ്ങര, ബഹു. പോൾ കോലഞ്ചേരി, ബഹു. മാത്യു മണവാളൻ, ഇടപ്പള്ളി ഇടവകാംഗമായ ബഹു. പ്രദീഷ്

പാലമൂട്ടിൽ, കുടവെച്ചൂർ പള്ളി അസിസ്റ്റന്റ് വികാരി ബഹു. ജോമിഷ് വട്ടക്കര എന്നീ വൈദികരാണ് കരിയിൽ പിതാവിനോടൊപ്പം മദ്ബഹയിൽ സഹകാർമ്മികരായത്.

തന്റെ ആമുഖത്തിൽ കരിയിൽ പിതാവ് ജോർജ് അച്ചനെ ഇങ്ങനെ ഓർത്തു: 59-ാമത്തെ വയസ്സിലെ വളരെ ആകസ്മികമായ ഒരു വേർപാടാണിത്. ഹൃദയസംബന്ധമായ അസുഖങ്ങൾ അച്ചനെ അലട്ടിയിരുന്നു. വളരെ ചുരുങ്ങിയ സമയം മാത്രം ഈ ഭൂമിയിൽ അനുവദിച്ചുകിട്ടിയ ജോർജച്ചന്റെ വേർപാടിൽ ദുഃഖിക്കുമ്പോഴും എല്ലാം അറിയുന്ന, പരിപാലിക്കുന്ന ദൈവഹിതത്തിന് നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. തീക്ഷണതയും ഭക്തിയും ചേർന്ന വ്യക്തിത്വമായിരുന്നു ജോർജ് അച്ചന്റേത്. അച്ചന്റെ ഇടവക ശുശ്രൂഷകളിലും കെ.സി.എസ്.എൽ. -ന്റെ ഡയറക്ടർ എന്ന നിലയിലും മദ്യവിരുദ്ധ പ്രസ്ഥാന പ്രവർത്തനമേഖലകളിലും ഈ തീക്ഷ്ണത നമുക്ക് ദർശിക്കാനായിട്ടുണ്ട്. ജോർജ് അച്ചനിലൂടെ ദൈവം ഈ ഇടവകയ്ക്കും അതിരൂപതയ്ക്കും നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് നമുക്ക് ദൈവത്തിനു നന്ദി പറയാം. അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ പേരിൽ കരിയിൽ പിതാവ് അനുശോചനം അറിയിച്ചു. എറണാകുളം ലിസ്സി ആശുപത്രിയിലാണ് അച്ചൻ അന്ത്യശുശ്രൂഷകളൊക്കെ സ്വീകരിച്ചത്.

ജോർജച്ചന്റെ ബാച്ചുകാരനും ചേർത്തല ഫൊറോന വികാരിയുമായ ആന്റോ ചേരാംതുരുത്തിയച്ചനാണ് തിരുവചനസന്ദേശം നൽകിയത്. പ്രതീക്ഷിക്കാത്ത സമയത്തുള്ള യാത്രയാണ് ജോർജച്ചന്റെ വിയോഗം. 1970 ജൂൺ 30-ന് തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ ഒരുമിച്ച് ചേർന്നവരാണ് ഞങ്ങൾ. എറണാകുളം അതിരൂപതയുടെ തെക്കുഭാഗത്തും വടക്കുഭാഗത്തുമുള്ള ഞങ്ങളെ സംബന്ധിച്ചിടത്തോളം തൃക്കാക്കര എന്ന സ്ഥലം ആദ്യമായിട്ട് കാണുകയായിരുന്നു. എങ്കിലും ഓടിനടന്ന് എല്ലാവരെയും പരിചയപ്പെടുകയായിരുന്നു ബ്രദർ ജോർജ്. ഇടപ്പള്ളിയുടെ പഴമയും സവിശേഷതയും വിശുദ്ധ ഗീവർഗീസ് സഹദായെക്കുറിച്ചുള്ള അറിവും പങ്കുവച്ചുകൊണ്ട് തീക്ഷ്ണതയോടുകൂടി വൈദികപരിശീലനത്തിൽ വ്യാപൃതനായി. അങ്ങനെ 59 വർഷം ഭൂമിയിൽ ജീവിച്ച് 32 വർഷം വൈദികശുശ്രൂഷ ചെയ്ത് ജീവിതത്തോട് യാത്ര പറഞ്ഞ് കടന്നുപോകുമ്പോൾ തന്റെ കരങ്ങളിൽ ഏന്തിയ രക്ഷയുടെ കാസ കൈകളിൽ പിടിച്ചുകൊണ്ട് തന്നെ നമ്മുടെ മദ്ധ്യേ ആയിരിക്കുമ്പോൾ നമുക്ക് ജോർജച്ചന് പ്രാർത്ഥന നേരാം.

ബഹുമാനപ്പെട്ട ജോർജ് അച്ചനെക്കുറിച്ച് രണ്ടു കാര്യങ്ങൾ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു.

(1) പൗരോഹിത്യത്തെ അഗാധമായി സ്നേഹിച്ച ഒരാളായിരുന്നു. ഇതിന്റെ മഹത്വവും മഹനീയതയും ഉയർത്തിക്കാട്ടിയ വ്യക്തിത്വമായിരുന്നു. ഞാനൊരു വൈദികനാണ് എന്ന് അഭിമാനത്തോടെ പറയാൻ എന്നും ശ്രമിച്ചിരുന്നു. മൈനർ സെമിനാരി പഠനകാലത്ത് അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ പിതാവ് സെമിനാരിക്കാരെ കാണാനും വിശുദ്ധ ബലി അർപ്പിക്കാനും വരുമായിരുന്നു. പിതാവ് പൗരോഹിത്യത്തെക്കുറിച്ച് പറയുന്ന കാര്യങ്ങൾ ഒരു വാക്കുപോലും വിടാതെ ജോർജ് അച്ചൻ ഡയറിയിൽ എഴുതി സൂക്ഷിക്കുന്നത് ഞാൻ നോക്കി കണ്ടിട്ടുണ്ട്. പിന്നീട് മേജർ സെമിനാരി പരിശീലനത്തിന് വടവാതൂർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടപ്പോഴും അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ പിതാവിന്റെ ജീവിതദർശനങ്ങളിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്ന് പൗരോഹിത്യത്തെക്കുറിച്ച് ആവേശത്തോടും അഭിമാനത്തോടും കൂടി സംസാരിക്കുന്നത് ഞാൻ ഓർക്കുകയാണ്. താൻ സ്വീകരിച്ച പൗരോഹിത്യം ദൈവത്തിന്റെ മഹാദാനമാണ് എന്നുള്ള വലിയ തിരിച്ചറിവുമായി അദ്ദേഹം മുന്നോട്ടു പോയി. അദ്ദേഹത്തിന്റെ ബോധ്യങ്ങളിൽ ചിലത് നമുക്ക് ഉൾക്കൊള്ളാനാകാതെ പോയിട്ടുണ്ടാകാം. പക്ഷേ, അദ്ദേഹം തന്റെ ബോധ്യങ്ങളിൽ ഉറപ്പുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ മാതൃക ഇതായിരുന്നു. ഓരോ ദൈവവിളിയും സന്യാസമോ, കുടുംബജീവിതമോ, പൗരോഹിത്യമോ എന്തുമാകട്ടെ അത് ദൈവകൃപയായി വലിയ നിധിയായി പൊന്നുപോലെ കാത്തുസൂക്ഷിക്കണം.

(2) പൗരോഹിത്യം അർത്ഥപൂർണമാകുന്നത് കഠിനമായ അദ്ധ്വാനത്തിലൂടെയാണ് എന്ന ബോധ്യം അച്ചന് ഉണ്ടായിരുന്നു. ജോർജച്ചന്റെ പൗരോഹിത്യജീവിതം അങ്കമാലി പള്ളിയിൽ നിന്ന് ആരംഭിച്ചു. ആദ്യനാളുകളിൽ ചെറിയ പള്ളികളായിരുന്നു. അമ്പലമേട്, കരിമുഗൾ എന്നിവിടങ്ങളിൽ ഓടിനടന്ന് വിശ്രമമില്ലാതെ അദ്ധ്വാനിക്കുമായിരുന്നു. ഒരിക്കലും തളരാതെ തന്റെ ദൗത്യനിർവഹണം ഭംഗിയായി നടത്തിയിരുന്നു. അതിനാലാണ് പിന്നീട് അദ്ദേഹത്തിന്റെ പൗരോഹിത്യജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ വലിയ ഉത്തരവാദിത്വങ്ങൾ നൽകപ്പെട്ടത്. കേരളത്തിന്റെ വലിയ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.സി.എസ്.എൽ.-ന്റെയും കെ.സി.വൈ.എം.-ന്റെയും അതിരൂപതയിലെ ഡയറക്ടറായിരുന്നു. അതിരൂപതയിലെ എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിലും കയറി

യിറങ്ങി വിശ്വാസപരിശീലനവും സാന്മാർഗികപഠനവും നടത്താൻ തീക്ഷ്ണമായി പ്രവർത്തിച്ചു. മദ്യവിരുദ്ധസമിതിയിലേക്ക് പോകുമ്പോൾ കാലഘട്ടത്തിനു യോജിച്ച പ്രവർത്തനങ്ങൾ നടത്തി ഉപവാസം, ധർണ, സമരം എന്നിവയിലൂടെ അതിരൂപതയിലും സംസ്ഥാനങ്ങളുടെ മറ്റ് ഭാഗങ്ങളിലും പൗരോഹിത്യത്തിന്റെ സാമൂഹ്യബോധ്യം സംയോജിപ്പിച്ച് പ്രവർത്തിച്ച് കുടുംബങ്ങളെയും വ്യക്തികളെയും പുനരുദ്ധരിക്കാൻ ശ്രമിച്ചു.

പ്രതീക്ഷിക്കാത്ത രീതിയിൽ രോഗം തന്നെ അലട്ടിയപ്പോഴും ധീരതയോടെ മുന്നോട്ടുപോയി രോഗവും മരുന്നും ഒന്നും കൂട്ടാക്കാതെ അദ്ദേഹം ഓടിനടക്കുകയായിരുന്നു. ദൈവത്തിന്റെ സമയം ആയി. ആ നിദ്രയിലേക്ക് ദൈവം കൈപിടിച്ച് നടത്തുകയാണ്. സമയമില്ലാത്ത നിദ്രയുടെ വിശാലമായ ഭൂമിയിലേക്ക് അച്ചനെ ദൈവം നടത്തുമ്പോൾ നമ്മുടെ ഉള്ളിൽ ഒരു പ്രാർത്ഥനയുണ്ട്. ഈ ഗാനമാണ് ഞാൻ ഓർക്കുന്നത്:

‘വൈകാതെ ഈ ചെറിയ ജീവിതകുസുമം പറിച്ചെടുക്കണം
വൈകിയാലിത് വാടി താനെ കൊഴിഞ്ഞുപോകും
മുറിവൊന്നും കൂടാതെ തന്നെ
അർച്ചന ചെയ്യാൻ മടങ്ങും സമയം കഴിയും മുമ്പേ
ദൈവമേ നീ വൈകാതെ ഈ ജീവിതമാകുന്ന
പുഷ്പത്തെ പറിച്ചെടുക്കണമേ
അല്പം വൈകാതെ വാടിപ്പോകാതെ
സമയത്തിന്റെ നിറവിൽ നീയത് പറിച്ച് മാറ്റണമേ.’

പൗരോഹിത്യത്തിന്റെ മനോഹരമായ പൂന്തോട്ടത്തിലെ ജോർജച്ചനാകുന്ന പൂവിനെ വാടാതെ പറിച്ചുനട്ടിരിക്കുകയാണ്. ഉത്ഥാനത്തിന്റെ മനോഹരമായ മഹത്വത്തിലേക്ക് ഉത്ഥിതനായ ക്രിസ്തുവിന്റെ മുന്നിലേക്ക് ജോർജച്ചനെ സമർപ്പിക്കാം. കഴിഞ്ഞ 59 വർഷക്കാലം തന്റെ ജീവിതത്തിലൂടെ ഒളിഞ്ഞും തെളിഞ്ഞും നൽകിയ നന്മകളെ ഓർത്ത് നന്ദിപറയാം. ‘ദൈവം തന്നു, ദൈവം എടുത്തു, ദൈവത്തിന് സ്തുതി’ എന്നു പറഞ്ഞാണ് ആന്റോച്ചൻ പ്രസംഗം അവസാനിപ്പിച്ചത്.

ജോർജ് നേരേവീട്ടിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്തെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരി പിതാവാണ്. തികഞ്ഞ സാമൂഹിക പ്രതിബദ്ധതയും സേവനമനോഭാവവും അജപാലനതീക്ഷണതയും വൈദി

കജീവിതത്തിൽ പുലർത്തിയ വ്യക്തിയാണ് നേരേവീട്ടിലച്ചനെന്ന് ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. സഭയോടുള്ള സ്നേഹംകൊണ്ട് തീക്ഷ്ണമായ ആ ജീവിത്തിന് നന്ദിയർപ്പിച്ച് പിതാവ് തിരുക്കർമ്മങ്ങൾ തുടർന്നു.

കുടുംബങ്ങൾ മദ്യവിപത്തിൽനിന്ന് രക്ഷപെടണമെന്ന ഉറച്ചബോധ്യത്തോടെ മദ്യവർജ്ജന പ്രസ്ഥാനങ്ങളിലും കുട്ടികൾ നല്ല പൗരന്മാരായി വളരണമെന്ന ബോധ്യത്തോടെ കെ.സി.എസ്.എൽ. സംഘടനയിലും സജീവമായി പ്രവർത്തിച്ച, ഏറ്റെടുത്ത ദൈവജനത്തിനുവേണ്ടി രാപ്പകൽ വിയർപ്പൊഴുക്കിയ, തന്റെ നിലപാടുകളിൽ ആർജവത്തോടെ നിലകൊണ്ട, പിതാവായ ദൈവത്തിന്റെ ഭവനത്തിൽ തനിക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തേക്ക് യാത്രയാകുന്ന ബ. ജോർജ് നേരേവീട്ടിൽ അച്ചനെ ഇനി സ്വർഗത്തിൽ പരസ്പരം കാണാമെന്ന ഉറപ്പോടെ എറണാകുളം-അങ്കമാലി അതിരൂപതയുടെ സ്നേഹപ്രണാമം!!!

■



## സി. എസ്തേല CMC

മൗണ്ട് കാർമൽ കോൺവെന്റ്, വൈക്കം

| | | |
|---|---|---|
| ജനനം | : | 20-05-1938 |
| വ്രതവാഗ്ദാനം | : | 01-05-1957 |
| മരണം | : | 29-07-2022 |



## സി. ഹിലാരി CMC

ചാവറ സദൻ, കൈപ്ര

| | | |
|---|---|---|
| ജനനം | : | 09-02-1935 |
| വ്രതവാഗ്ദാനം | : | 15-04-1963 |
| മരണം | : | 16-07-2022 |



## സി. അംബ്രോസിയ വേലിക്കകത്ത് SD

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി

| | | |
|---|---|---|
| ജനനം | : | 28-11-1936 |
| വ്രതവാഗ്ദാനം | : | 06-01-1958 |
| മരണം | : | 25-07-2022 |

## സി. വെൻസി CHF



ജീവോദയ പ്രൊവിൻഷ്യൽ ഹൗസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 07-11-1937 |
| ആദ്യവ്രതം | : | 10-05-1959 |
| മരണം | : | 18-07-2022 |

## സി. മേരി അക്വീല CHF



ജീവോദയ പ്രൊവിൻഷ്യൽ ഹൗസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 16-04-1934 |
| ആദ്യവ്രതം | : | 10-05-1962 |
| മരണം | : | 27-05-2022 |

## സി. മെറ്റിൽഡ CSN



സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 05-06-1932 |
| ആദ്യവ്രതം | : | 19-03-1956 |
| മരണം | : | 12-07-2022 |

## സി. നീത MSJ



(ഷീലാമ്മ ജോസഫ് വെട്ടുവഴിയിൽ, പൊതി)
നിർമ്മല പ്രൊവിൻസ്, ആലുവ

| | | |
|---|---|---|
| ജനനം | : | 20-06-1966 |
| ആദ്യവ്രതം | : | 04-11-1988 |
| മരണം | : | 25-06-2022 |

## സി. ബൊനവെന്തുര SABS



(ഓലിയപ്പുറം, തിരുമുടിക്കുന്ന്)
അഡോറേഷൻ കോൺവെന്റ്, ഇടപ്പള്ളി

| | | |
|---|---|---|
| ജനനം | : | 06-11-1942 |
| ആദ്യവ്രതം | : | 05-05-1965 |
| മരണം | : | 22-06-2022 |

# വാർത്തകളും വിശേഷങ്ങളും

## കാനഡയിലേക്കുള്ള അപ്പസ്തോലികയാത്ര ഒരു പശ്ചാത്താപ തീർത്ഥാടനം: ഫ്രാൻസിസ് പാപ്പാ

2022 ജൂലൈ മാസം 24 മുതൽ 30 വരെ നീളുന്ന കാനഡയിലേക്കുള്ള തന്റെ അപ്പസ്തോലിക യാത്രയെ പശ്ചാത്താപത്തിന്റെ ഒരു തീർത്ഥാടനം എന്നാണ് ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിച്ചത്.

സാധാരണ ഏതെങ്കിലും ഒരു രാജ്യത്തേക്ക് നടത്തുന്ന യാത്രയോ, കത്തോലിക്കാസമൂഹത്തെ പൊതുവിൽ സന്ദർശിക്കുക എന്നതിൽനിന്ന് വ്യത്യസ്തമായി, തന്റെ കാനഡാ സന്ദർശനത്തിൽ, തദ്ദേശീയരായ ആളുകളെ കാണാൻ ക്രിസ്തുവിന്റെ നാമത്തിൽ ആണ് താൻ പോകുന്നതെന്ന് പാപ്പാ വ്യക്തമാക്കി. അവിടെയുള്ള തദ്ദേശീയർ അനുഭവിക്കേണ്ടിവന്ന തിന്മകൾക്കും വേദനകൾക്കും പരിഹാരമായും, ആ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനുള്ള മാർഗ്ഗവുമായുമാണ് ഫ്രാൻസിസ് പാപ്പാ തന്റെ അപ്പസ്തോലിക യാത്രയെ കാണുന്നത്.

കാനഡയിലെ റെസിഡൻഷ്യൽ സ്കൂളുകളിൽ, അവിടുത്തെ തദ്ദേശീയ ജനതയുടെ സംസ്കാരത്തിന്റെ പല കാര്യങ്ങളും ഇല്ലാതാക്കുകയും, കൊളോണിയലിസത്തിന്റെ ഭാഗമായി വ്യത്യസ്തമായ ഒരു വിദ്യാഭ്യാസ രീതിയും അധ്യയനവും നടപ്പിലാക്കുകയും ചെയ്തിരുന്നു. സ്കൂളുകൾ സർക്കാരിന്റേതായിരുന്നെങ്കിലും, അവയിൽ പലതും ക്രൈസ്തവസഭയും സന്ന്യസ്തസഭകളുമാണ് നടത്തിയിരുന്നുന്നത്.

അനുരഞ്ജനത്തിന്റെയും പ്രശ്നപരിഹാരത്തിന്റെയും ഭാഗമായി, പ്രഥമ ദേശങ്ങൾ (First Nations) എന്നറിയപ്പെടുന്ന തദ്ദേശീയരുൾപ്പെടെയുള്ള വിവിധ വിഭാഗം ആളുകളുടെ പ്രതിനിധിസംഘത്തെ ഫ്രാൻസിസ് പാപ്പാ മാർച്ച് ഏപ്രിൽ മാസങ്ങളിലായി വത്തിക്കാനിൽ സ്വീകരിക്കുകയും അവരോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. എങ്കിലും, പാപ്പാ കാനഡയിലെത്തി അവിടുത്തെ ജനങ്ങളോട് തന്റെ ഖേദം പ്രകടിപ്പിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി അവർ വ്യക്തമാക്കിയതിനെത്തുടർന്നാണ് പാപ്പാ ആരോഗ്യപരമായ ബുദ്ധിമുട്ടുകളുടെ നടുവിലും കാനഡയിലെത്തുന്നത്. എളിമയോടെ, ക്ഷമ ചോദിക്കുവാൻ മടിയില്ലാതെയാണ്, പത്രോസിന്റെ പിൻഗാമിയായ പാപ്പാ, യേശുവിന്റെ നാമത്തിൽ, കാനഡയിലെ പാരമ്പരാഗതജനവിഭാഗങ്ങളെ കാണുവാനെത്തുന്നത്.

# ആഗോള സിനഡ് 2023

എറണാകുളം-അങ്കമാലി അതിരൂപതയിൽ നടന്ന സിനഡൽ സമ്മേളനങ്ങളുടെ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ തയ്യാറാക്കിയതും 2022 ജൂൺ 30-ന് സീറോമലബാർ സഭാകാര്യാലയത്തിലേക്ക് അയച്ചുകൊടുത്തതുമായ ആശയസമന്വയരേഖയാണ് താഴെ കൊടുത്തിരിക്കുന്നത്. റവ. സി. ഡോ. ബിൻസി തുമ്പാനത്ത് സി. എം. സി., ശ്രീ സജീവ് പാറേക്കാട്ടിൽ, ഫാ. സേവി പടിക്കപ്പറമ്പിൽ എന്നിവർ അംഗങ്ങളായുള്ള ഡ്രാഫ്റ്റിംഗ് കമ്മറ്റി തയ്യാറാക്കിയ കരടുരേഖ മെത്രാപ്പോലീത്തൻ വികാരി ആന്റണി കരിയിൽ പിതാവിന്റെ അധ്യക്ഷതയിൽ 2022 ജൂൺ 29-ന് ചേർന്ന സിനഡൽ കമ്മറ്റിയുടെയും കൂരിയ അംഗംങ്ങളുടെയും സംയുക്ത സമ്മേളനത്തിൽ തിരുത്തലുകളോടെ പാസാക്കി. അതിരൂപതാതല പ്രി സിനഡൽ സമ്മേളനത്തിനുശേഷവും വിവിധ തലങ്ങളിലും സമിതികളിലും ഇടവകകളിലും സിനഡൽ സമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. 2022 ജൂൺ 25-ന് മുമ്പ് ലഭിച്ച റിപ്പോർട്ടുകളിലെ ആശയങ്ങൾ മാത്രമേ താഴെ പ്രസിദ്ധീകരിക്കുന്ന സമന്വയരേഖയിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടുള്ളു. 2021 ഒക്ടോബർ 17-ന് ആരംഭിച്ച അതിരൂപതാതല സിനഡൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അല്മയരും സന്യസ്തരും വൈദികരും അടങ്ങുന്ന വിവിധ തലങ്ങളിലുള്ള സിനഡൽ ടീം അംഗങ്ങളോടും, സിനഡൽ സമ്മേളനങ്ങളുടെ നടത്തിപ്പിന് ഉദാരമായ സഹായ സഹകരണങ്ങൾ ചെയ്തുതന്ന സ്ഥാപനങ്ങളോടും, കുടുംബ യൂണിറ്റുതലം മുതൽ അതിരൂപതാതലം വരെയുള്ള സിനഡൽ സമ്മേളനങ്ങളിൽ തീക്ഷണതയോടെയും ആത്മാർത്ഥതയോടെയും പങ്കുചേർന്ന കുട്ടികളോടും യുവജനങ്ങളോടും മുതിർന്നവരോടും സന്യസ്തരോടും വൈദികരോടും ഇതര മതസ്ഥരോടും ഉള്ള നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു.

പ്രാദേശികതല സിനഡൽ സമ്മേളനങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് റോമിൽ നിന്ന് നൽകപ്പെട്ട മാർഗരേഖയിലെ നിർദ്ദേശപ്രകാരം കരടുരേഖ തയ്യാറാക്കിയവരുടെ പേരുകളും, ക്രമപ്രകാരമുള്ള തുടർ ചർച്ചകൾക്കൊടുവിൽ അംഗീകരിച്ച ആശയസമന്വയരേഖയുടെ അന്തിമ രൂപവും പ്രസിദ്ധപ്പെടുത്തുന്നു (മാർഗരേഖ, അനുബന്ധം. ഡി.).

**ഫാ. മാർട്ടിൻ കല്ലുങ്കൽ**
**അതിരൂപതാതല സിനഡൽ ടീം കോഡിനേറ്റർ**

# എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രാദേശികതല സിനഡൽ സമ്മേളനങ്ങളുടെ റിപ്പോർട്ട്

**ആമുഖം**

2021 ഒക്ടോബർ 17-ന് പ്രാദേശിക കൂടിയാലോചനകളുടെ അതിരൂപതാതല ഉദ്ഘാടനം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പരിശുദ്ധ കുർബാനയോട് അനുബന്ധിച്ച് അഭിവന്ദ്യ ആന്റണി കരിയിൽ മെത്രാപ്പോലീത്ത നിർവഹിച്ചു. സിനഡൽ കൂടിയാലോചനകൾ ആസൂത്രണം ചെയ്യുന്നതിനും സം ഘടിപ്പിക്കുന്നതിനും വേണ്ടി ഫാ. മാർട്ടിൻ കല്ലുങ്കൽ കോഡിനേറ്ററായുള്ള 17 അംഗ അതിരൂപതാ സിനഡൽ ടീം രൂപീകരിച്ചു. ആദ്യപടിയായി, സിനഡൽ ടീമും അതിരൂപതാ കൂരിയയിലെ അംഗങ്ങളും *ഒരുക്കരേഖ* വായിച്ചൊരുങ്ങി ചർച്ചകൾ നടത്തി. തുടർന്ന്, വൈദികസമിതിയിലും ആലോചനകൾ നടന്നു. ചർച്ചകളുടെ വെളിച്ചത്തിൽ, അതിരൂപതയുടെ വിവിധ തലങ്ങളിൽ സിനഡൽ ചർച്ചകൾ നടത്താൻ തീരുമാനിച്ചു. കൂടാതെ, *മാർഗരേഖ*യിൽ പറഞ്ഞിട്ടുള്ളതുപോലെ, സഭയിലെയും സമൂഹത്തിലെയും വിവിധ വിഭാഗങ്ങളെ വ്യത്യസ്ത ഇടങ്ങളിലും സമയങ്ങളിലും കേൾക്കാനും തീരുമാനമായി. അതനുസരിച്ച് കുടുംബ യൂണിറ്റ്, ഇടവക, ഫൊറോന, അതിരൂപത എന്നീ തലങ്ങളിലുള്ള സമ്മേളനങ്ങൾക്ക് പുറമെ, കുട്ടികൾ, വനിതകൾ, വിധവകൾ, കുടുംബങ്ങൾ, വിശ്വാസ പരിശീലകർ, വൈദികർ, അധ്യാപകർ, അഭിഭാഷകർ, മാധ്യമപ്രവർത്തകർ, അതിഥി തൊഴിലാളികൾ, ഭിന്നലിംഗർ, ഇതരമതസ്ഥർ, കർഷകർ എന്നിവർക്കായി പ്രത്യേക സിനഡൽ സമ്മേളനങ്ങളും നടത്തി. വിവിധ തലങ്ങളിലും വ്യത്യസ്ത ഗ്രൂപ്പുകളോടൊപ്പവുമുള്ള കൂടിയാലോചനകൾ ഇപ്പോഴും തുടരുന്നു. യുവജനങ്ങൾ, സന്യസ്തർ, സന്യാസവൈദികാർത്ഥികൾ, ദേവാലയ ശുശ്രൂഷകർ എന്നിവരുടെ സിനഡൽ സമ്മേളനങ്ങൾ ജൂലൈ മാസത്തിൽ നടക്കും. ഭൂമി വിവാദം, കുർബാന ഏകീകരണവുമായി ബന്ധപ്പെട്ടുണ്ടായ തർക്കങ്ങൾ, ഇവയോടനുബന്ധിച്ചുണ്ടായ അപവാദ പ്രചരണങ്ങൾ, ഉതപ്പു

കൾ, അകൽച്ചകൾ, വിഭാഗീയത എന്നിവയാൽ നന്നേ വ്രണിതമായ അതിരൂപതയ്ക്ക് ഒരുമയും ചൈതന്യവും വീണ്ടെടുക്കാൻ സിനഡൽ സമ്മേളനങ്ങൾ അവസരമൊരുക്കി.

അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളുടെയും സം ഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും സഹകരണത്തോടെയാണ് സിനഡൽ സമ്മേളനങ്ങൾ നടത്തിയത്. സിനഡൽ സമ്മേളനങ്ങളുടെ പ്രാരംഭ ഗാനമായി 'റൂഹായെ റൂഹായെ' എന്ന് തുടങ്ങുന്ന ഗീതം പിൽഗ്രിംസ് കമ്മ്യൂണിക്കേഷൻസ് തയ്യാറാക്കി ഡിപ്പാർട്ടുമെന്റിന്റെ ഔദ്യോഗിക യുട്യൂബ് ചാനലിലൂടെ ലഭ്യമാക്കി. [1]കുടുംബ യൂണിറ്റ് സിനഡിന്റെ ഒരു മാതൃകാ വീഡിയോ തയ്യാറാക്കുകയും ഏകം മീഡിയയിലൂടെ ലഭ്യ മാക്കുകയും ചെയ്തു. [2]ആഗോളസിനഡിന്റെ പ്രാധാന്യം വ്യക്തമാ ക്കിക്കൊണ്ട് *സത്യദീപം* വാരികയിൽ തുടർച്ചയായി ലേഖനങ്ങൾ പ്രസി ദ്ധീകരിച്ചു. [3] അതിരൂപതയിലെ വൈദികർക്ക് *ഒരുക്കരേഖ*യുടെ മലയാള പരിഭാഷ നൽകുകയും സിനഡൽ സമ്മേളനങ്ങൾ നടത്താനുള്ള പരി ശീലനം നൽകുകയും ചെയ്തു. ഓരോ ഫൊറോനയിലെയും സിനഡ ൽ പരിപാടികൾ സം ഘടിപ്പിക്കുന്നതിനായി ഫൊറോനാ കോഡിനേറ്റ ർമാരായി 16 വൈദികരെ തെരഞ്ഞെടുത്തു. സ്വന്തം ഇടവകകളിൽ സിനഡൽ സമ്മേളനങ്ങൾ നടത്താനുള്ള പരിശീലനം ഇടവകകളിൽ നിന്നുള്ള അത്മായ പ്രതിനിധികൾക്ക് ഫൊറോന തലത്തിൽ നൽകി. സിനഡൽ പരിപാടികളുടെ നടത്തിപ്പിനെക്കുറിച്ച് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ രണ്ട് സർക്കുലറുകൾ പ്രസിദ്ധീകരിച്ചു. [4] സിന ഡിന്റെ അർത്ഥവും പ്രസക്തിയും നടത്തിപ്പുരീതിയും വ്യക്തമാക്കുന്ന ഒന്നേകാൽ ലക്ഷം ലീഫ് ലെറ്റുകൾ അച്ചടിച്ച് എല്ലാ കുടുംബങ്ങളിലും വിതരണം ചെയ്തു. [5]

തുടർന്നുള്ള പേജുകളിൽ, **ഒന്നാമതായി,***മാർഗരേഖ* നിർദ്ദേശിച്ചിട്ടുള്ള പത്ത് ചോദ്യങ്ങൾക്ക് വ്യക്തികൾ, [6]കുടുംബ യൂണിറ്റുകൾ, ഇടവക കൾ, ഫൊറോനകൾ, അതിരൂപതാ സമ്മേളനം എന്നിവയിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ സമന്വയവും, **രണ്ടാമതായി,** പ്രത്യേക സിന ഡൽ സമ്മേളനങ്ങൾ നൽകിയ ഉൾക്കാഴ്ചകളും ചേർത്തിരിക്കുന്നു. എറണാകുളം-അങ്കമാലി എന്ന പ്രാദേശിക സഭയെ സൂചിപ്പിക്കാൻ 'അതിരൂപത' എന്നും സീറോമലബാർ സഭയെയും സാർവത്രിക സഭയെയും സൂചിപ്പിക്കാൻ 'സഭ' എന്നുമാണ് ഉപയോഗിച്ചിരിക്കുന്നത്.

## 1. സിനഡ് ഉന്നയിക്കുന്ന അടിസ്ഥാനപരമായ ചോദ്യത്തിന്റെ പത്ത് വശങ്ങളോടുള്ള പ്രതികരണങ്ങൾ

### 1.1 സഞ്ചാരത്തിലെ സഹകാരികൾ

സഭയുടെ ഭാഗമാണെന്നു പൊതുവെ സഭാംഗങ്ങൾക്കു തോന്നുന്നുണ്ട്. അതിരൂപതാ കുടുംബത്തിന്റെ ഭാഗമായതിൽ കൂടിയാലോചനയിൽ പങ്കെടുത്തവർ അഭിമാനിക്കുന്നു. എന്നാൽ, ദളിത് ക്രിസ്ത്യാനികൾ, പുതുക്രിസ്ത്യാനികൾ, ഭിന്നലിംഗർ, മതം മാറി വരുന്നവർ, ദരിദ്രർ, സഭാവിമർശകർ, വിവിധ വിഷയങ്ങളോട് അഭിപ്രായവ്യത്യാസമുള്ളവർ, പലവിധത്തിൽ സഭയിൽ നിന്ന് മുറിവേറ്റവർ എന്നിവർ അവഗണിക്കപ്പെടുന്നു. സ്വജനപക്ഷപാതം മൂലം മുറിവേറ്റവരുണ്ട്. ഇങ്ങനെ അവഗണിക്കപ്പെട്ടവരും മുറിവേറ്റവരും ഒന്നിച്ചുചേർന്ന് ശക്തി പ്രാപിക്കുന്നത് സഭയിൽ വിഭാഗീയതയ്ക്ക് ഇടയാക്കുന്നു. സഭയിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളിൽ സഭാംഗങ്ങൾ അതീവ ദുഖിതരാണ്.

സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനവും, വരത്തൻ ഇരുത്തൻ വേർതിരിവുകളും കാണപ്പെടുന്നുണ്ട്. ചില ഇടവകകളിലും സ്ഥാപനങ്ങളിലും വൈദികർ വിഭാഗീയത സൃഷ്ടിക്കുന്നു. പൗരോഹിത്യം ശുശ്രൂഷയിൽ നിന്ന് അധികാര പ്രയോഗത്തിലേക്കു മാറുമ്പോൾ സഭയ്ക്ക് പുറത്താണ് തങ്ങളെന്ന് ജനത്തിന് തോന്നുന്നു. അതിനാൽ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു അജപാലനനയം വൈദികർ ഉൾപ്പെടെ എല്ലാവരും ചേർന്ന് രൂപപ്പെടുത്തണം.

ഒരേ ആളുകൾ തന്നെ തുടർച്ചയായി ഒരേ സമിതിയിലും സ്ഥാനത്തും വരുന്നത് തടയാൻ ആവശ്യമായ നിയമങ്ങൾ കൊണ്ടുവരണം. പ്രഗത്ഭരായ അല്മായരെ അവർ അർഹിക്കുന്ന ദൗത്യങ്ങൾ ഏൽപ്പിക്കണം. ക്രൈസ്തവ സ്ഥാപനങ്ങളിൽ യുവജനങ്ങൾക്ക് തൊഴിലവസരം ലഭിക്കാത്തതിനാൽ പലരും സഭയിൽനിന്ന് സ്വയം അകലുന്നു. ദളിത് ക്രൈസ്തവരുടെ കുട്ടികൾക്ക് സഭാ സ്ഥാപനങ്ങളിൽ നിർബന്ധമായും പ്രവേശനം നൽകണം.

### 1.2 ശ്രവണം

കുടുംബയൂണിറ്റ്, പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയവ പറയാനും കേൾക്കാനുമുള്ള വേദികളാണ്. അതിരൂപതയിലെ

വിധവകളുടെ കൂട്ടായ്മയായ യൂദിത്ത് ഫോറം പോലുള്ള സംവിധാനങ്ങൾ ഒറ്റപ്പെട്ടുപോകുന്നവരെ ചേർത്തുപിടിക്കുന്ന ദൈവകരങ്ങളാണ്. യുവജനങ്ങളെ ഒരുമയിൽ വളർത്താൻ കെ.സി.വൈ.എം. ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ശ്രവിക്കാനും ഒപ്പം നിൽക്കാനും ഊർജ്ജിതമായ ശ്രമങ്ങൾ അതിരൂപതയുടെ ഭാഗത്തുനിന്നുണ്ടെങ്കിലും ചിലപ്പോഴെല്ലാം സമർപ്പിതർ, അല്മായർ, പ്രത്യേകിച്ച് യുവജനങ്ങൾ, മറ്റു ന്യൂനപക്ഷങ്ങൾ എന്നിവർ അവഗണിക്കപ്പെടുകയും കേൾക്കപ്പെടാതിരിക്കുകയും ചെയ്യുന്നുണ്ടെന്ന് ചിലർ നിരീക്ഷിച്ചു. സാമ്പത്തിക സ്ഥിതി, സ്വഭാവം, കുടുംബപശ്ചാത്തലം എന്നിവയെപ്പറ്റിയുള്ള മുൻവിധികളാണ് അവഗണനയിലേക്കു നയിക്കുന്നത്. അതോടൊപ്പം, ജനങ്ങളുടെ സഹകരണമില്ലായ്മയും ഫലപ്രദമായ ശ്രവണം നടക്കാത്തതിന് കാരണമാകുന്നുണ്ട്.

ആരെങ്കിലും ഒഴിവാക്കപ്പെടുന്നുണ്ടോ എന്നറിയാനുള്ള സം വിധാനം സഭയിൽ ഉണ്ടാകണം. യുവജനങ്ങളെ ശ്രവിക്കുന്നതിലും ചേർത്തുനിർത്തുന്നതിലും സഭ പരാജയപ്പെടുന്നുണ്ട്. അതിരൂപതയിൽ യുവജനകേന്ദ്രങ്ങൾ ആരംഭിക്കണം. യൂദിത്ത് ഫോറത്തെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം. പ്രവാസികളായ യുവജനങ്ങളെയും കുടുംബങ്ങളെയും കേൾക്കാൻ സംവിധാനം വേണം. സാമ്പത്തിക ശേഷിയുള്ള ഇടവകകൾ പാവപ്പെട്ട ഇടവകകളെയും രൂപതകളെയും സഹായിക്കണം. സാമ്പത്തികമായും മറ്റുവിധത്തിലും നിസ്സഹായരായിപ്പോകുന്ന സന്യസ്തരെയും അഗതികളെയും സഹായിക്കാൻ അല്മായർ മുമ്പോട്ടുവരണം. ദൈവജനത്തെ കേൾക്കുന്നത് സുഗമമാക്കാൻ വൈദികരും സന്യസ്തരും ഭവന സന്ദർശനം നടത്തണം.

സീറോമലബാർ സഭയിൽ തീരുമാനങ്ങൾ മേൽത്തട്ടിൽനിന്നു അടിച്ചേൽപ്പിക്കുന്നരീതി നിലവിലുണ്ട്. കുർബാന ഏകീകരണം പോലെ എല്ലാവരെയും സംബന്ധിക്കുന്ന തീരുമാനം പോലും അധികാരികൾ ഏകപക്ഷീയമായി എടുക്കുകയും നിർബന്ധപൂർവ്വം നടപ്പിലാക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സഭയെ വെറും സമുദായമായി ചുരുക്കാനുള്ള ശ്രമങ്ങൾ ചെറുക്കപ്പെടേണ്ടതാണെങ്കിലും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നേടിയെടുക്കാനായി മൈനോറിറ്റി സെൽ ശക്തിപ്പെടുത്തണം.

### 1.3 തുറന്നു സംസാരിക്കുന്നത്

സഭാവേദികളിൽ തുറന്നു സംസാരിക്കാൻ കഴിയുന്നുണ്ടെന്നും ഇല്ലെന്നും അഭിപ്രായം ഉയർന്നു. എന്നാൽ, സിനഡൽ സമ്മേളനങ്ങളിൽ ഫലപ്രദമായി സംസാരിക്കാൻ സാധിച്ചുവെന്നു എല്ലാവരും പറയുന്നു. അപകർഷതാബോധം, മേൽക്കോയ്മ, അഭിപ്രായങ്ങൾ മാനിക്കാതിരിക്കൽ, തുറന്നുപറയുന്നവരെ ഒറ്റപ്പെടുത്തൽ എന്നിവയാണ് തുറന്ന് സംസാരിക്കുന്നതിൽ നിന്ന് പലരെയും പിന്തിരിപ്പിക്കുന്നത്. സഭാവേദികളിൽ അഭിപ്രായങ്ങളും സത്യങ്ങളും തുറന്ന് പറയുന്ന ചിലരെങ്കിലും മാറ്റിനിർത്തപ്പെടുകയും ഇരയാക്കപ്പെടുകയും ചെയ്യുന്നുണ്ട്. സംസാരപാടവവും സ്വാധീനവും ഉള്ളവരുടെ ആശയങ്ങൾ പൊതുതീരുമാനമായി വരുന്നു. കാപട്യവും അവസരവാദവും ജീവിതമുദ്രയാക്കിയ സഭാനേതൃത്വവും സ്തുതിപാഠങ്ങൾകൊണ്ട് അവരെ മൂഢസ്വർഗത്തിൽ നിർത്തുന്ന അനുയായികളും ചേരുമ്പോൾ കാര്യങ്ങൾ സങ്കീർണമാകുന്നു.

സഭയുടെ നിലപാടുകൾ പൊതുസമൂഹത്തിൽ കൃത്യതയോടെ അവതരിപ്പിക്കാനോ നവമാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനോ സഭയ്ക്ക് കഴിയുന്നില്ല. മറുവശത്ത് മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും സഭാനിലപാടുകളെ വളച്ചൊടിക്കുന്നു. സഭയ്ക്ക് ശക്തമായ ഒരു സോഷ്യൽ മീഡിയ ടീം ഉണ്ടാകണം. അതിരൂപതാ തീരുമാനങ്ങൾ പെട്ടെന്ന് ജനങ്ങളിലെത്തിക്കാൻ ഔദ്യോഗിക സംവിധാനം വേണം. സഭാവക്താക്കൾക്ക് യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അതുള്ളവരാണ് വക്താക്കളാകുന്നതെന്ന് ഉറപ്പാക്കുകയും വേണം. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ പങ്കാളികളാകുകയോ ചെയ്യുന്നവരെ വക്താക്കളായി നിയമിക്കരുത്. സഭാവക്താക്കൾക്ക് പരിശീലനം നൽകുകയും അവരുടെ പേരുവിവരങ്ങൾ വിശ്വാസികളെ അറിയിക്കുകയും വേണം.

ഇടവകകളിൽ പൊതുയോഗങ്ങൾ കൃത്യമായി നടത്തണം. ഇടവകജനം അഭിപ്രായ സ്വാതന്ത്ര്യം കൃത്യമായി ഉപയോഗിക്കുന്നില്ല. ഇടവകകളിലും സ്ഥാപനങ്ങളിലും അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കാനുള്ള പെട്ടികൾ സ്ഥാപിക്കണം.

### 1.4 ആചരണം

വിശുദ്ധകുർബാന കത്തോലിക്കർക്ക് ലഭിച്ച അനുഗ്രഹമാണെങ്കിലും കുർബാനയിലൂടെ ഒരുമയിൽ വളരുന്ന ഒരു സമൂഹമായി മാറാൻ

സീറോമലബാർ സഭയ്ക്ക് കഴിയുന്നില്ല. കുർബാനത്തർക്കം വിശ്വാസജീവിതത്തെ സാരമായി ബാധിച്ചു. അർപ്പിക്കുന്ന വൈദികന്റെ ആത്മീയദർശനം, വൈദികരുടെയും ജനങ്ങളുടെയും ഒരുക്കക്കുറവ് തുടങ്ങിയവ കുർബാനയുടെ അനുഭവപരതയെ ബാധിക്കുന്നുണ്ട്. കുർബാനയിലെ വായനകൾ നടത്താൻ അല്മായർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അവസരങ്ങൾ വിലമതിക്കപ്പെടുന്നുണ്ട്. പ്രാർത്ഥനകളും പാട്ടുകളും ലളിതമാകണം. ദേവാലയ സംഗീതത്തിന്റെ ശബ്ദവും വാദ്യോപകരണങ്ങളുടെ ആധിക്യവും നിയന്ത്രിക്കണം. ആവർത്തന വിരസമായ പ്രാർത്ഥനകളുംഗാനങ്ങളും ഒഴിവാക്കണം. കുർബാനയുടെ ദൈർഘ്യം കുറയ്ക്കണം. കുർബാനയിൽ 'നീ എന്ന പ്രയോഗം അസ്വസ്ഥതയുണ്ടാക്കുന്നു. കുർബാനക്രമത്തിൽ കൂടെക്കൂടെ പാരമ്പര്യങ്ങളും അതിന്റെ ഭാഗമായ അനുഷ്ഠാനങ്ങളും കൂട്ടിച്ചേർക്കുന്നത് കുർബാനയുടെ അനുഭവപരത കുറയ്ക്കുന്നു. വി. കുർബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സത്യമായും യഥാർത്ഥമായും എഴുന്നള്ളിയിരിക്കുന്ന ഈശോയിൽ ഞാൻ വിശ്വസിക്കുന്നു എന്ന് വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർക്കണം. ഓൺലൈൻ കുർബാന നിർത്തലാക്കണം. കുർബാനയെപ്പറ്റി ബോധനപ്രക്രിയകൾ ഫലപ്രദമായി നടത്തണം.

എന്ത് ത്യാഗം സഹിച്ചും അതിരൂപതയിൽ ജനാഭിമുഖ കുർബാന തുടരണം. ക്രൂശിതരൂപത്തിന്റെ പ്രാധാന്യം നിലനിർത്തണം. കല്ദായവത്കരണം, മാർത്തോമാ കുരിശ് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ എന്നിവയെ ശക്തമായി ചെറുക്കണം. കുമ്പസാരത്തിന് സൗകര്യമുള്ള കേന്ദ്രങ്ങൾ നഗരങ്ങളിൽ ഉണ്ടാകണം. കുടുംബാംഗങ്ങൾ ഒരുമിച്ച് കുർബാനയിൽ പങ്കുചേരുന്നത് നല്ലതാണ്. കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക കുർബാന രൂപങ്ങൾ വേണം.

മാമ്മോദീസ, ആദ്യകുർബാന സ്വീകരണം, വിവാഹം എന്നീ ആഘോഷങ്ങളിൽ ആഡംബരവും ധൂർത്തും ഒഴിവാക്കണം. ക്രിസ്തീയ ചൈതന്യത്തിനു നിരക്കാത്ത കരിമരുന്ന് പ്രയോഗം, കോഴിനേർച്ച, മാതാവിന് സാരിചുറ്റൽ, പിണ്ടികുത്ത്, മാല ചാർത്തൽ എന്നീ ആചാരങ്ങൾ നിർത്തണം. ദേവാലയത്തിൽ വീഡിയോ ചിത്രീകരണം നിരോധിക്കണം.

### 1.5 പ്രേഷിത ദൗത്യത്തിലുള്ള കൂട്ടുത്തരവാദിത്തം

സാമൂഹിക രാഷ്ട്രീയ സാം സ്കാരിക മേഖലകളിൽ പൊതുസാക്ഷ്യം നൽകാൻ സഭയ്ക്ക് കഴിയുന്നില്ല. വിഭാഗീയത, ആരാധനാക്രമ തർ

ക്കം, അധികാരികളുടെ ഏകാധിപത്യശൈലി, സാമുദായികമായ മേനി നടിക്കൽ, ധീരതയും ത്യാഗസന്നദ്ധതയും ഇല്ലായ്മ, വിശ്വാസ സ്ഥൈര്യം ഇല്ലായ്മ എന്നിവയാണ് ഇതിനു കാരണം. കലാ സാംസ്കാരികരാഷ്ട്രീയ മേഖലകളിൽ സഭാംഗങ്ങൾക്ക് നിലവിൽ യാതൊരു പരിശീലനവുമില്ല. ഇതിനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തണം.

പലർക്കും സീറോമലബാർ സഭയുടെ പാരമ്പര്യങ്ങൾ എന്താണെന്ന് അറിയില്ല. പാരമ്പര്യങ്ങളുടെ സത്ത നഷ്ടപ്പെടാതെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ സഭ തയ്യാറാകുന്നില്ല. പാരമ്പര്യങ്ങൾ സിനഡാത്മക ശൈലിയിൽ സമന്വയിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. ഭാരതീയ പൈതൃകം നിലനിർത്തണം.

ലത്തീൻ, മലങ്കര സഭകളോട് പൊതുവിൽ നല്ല ബന്ധമാണെങ്കിലും ഇതരസഭകളെ പലപ്പോഴും മാറ്റി നിർത്തുന്നുണ്ട്. ഈയിടെയായി ലത്തീൻ സഭാവിരോധം സീറോമലബാർ സഭയിൽ വർദ്ധിച്ചുവരുന്നുണ്ട്.

### 1.6 സഭയിലും സമൂഹത്തിലുമുള്ള സം വാദം

വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അധികാരികൾ അവ ശ്രദ്ധിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നില്ല. പലരും അഭിപ്രായങ്ങൾ തുറന്നു പറയാൻ സന്നദ്ധരാകുന്നില്ല. ഇടവകകളിൽ പ്രശ്ന പരിഹാര സമിതികൾ ഉണ്ടാകണം. സിനഡാലിറ്റി ഇടവകതലത്തിൽമാത്രം ഒതുങ്ങിപ്പോകുന്നു. സഭയുടെ മേൽത്തലങ്ങളിൽ സിനഡാലിറ്റി ഇല്ല. ഇതര മതവിശ്വാസികളെ ഫലപ്രദമായി ശ്രവിക്കുന്നില്ല. അവരിൽ നിന്നും പലതും പഠിക്കേണ്ടതുണ്ട്. ക്രിസ്മസ്, ഈസ്റ്റർ ദിവസങ്ങളിൽ ഇതര മതസ്ഥരുമായുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് നല്ലതാണ്.

### 1.7 ഇതര ക്രൈസ്തവ സമൂഹങ്ങളുമായുള്ള സം വാദം

സഭയ്ക്ക് ഇതര ക്രൈസ്തവ സമൂഹങ്ങളുമായി പൊതുവെ നല്ല ബന്ധമാണെങ്കിലും അത്ര ഊഷ്മളമായ നിലയിലല്ല. അവരുമായുള്ള സാഹോദര്യം വളർത്തണം. എന്നാൽ, പന്തക്കുസ്താ വിഭാഗങ്ങളുമായി യാതൊരു വിധത്തിലുള്ള ബന്ധവും വേണ്ട എന്ന അഭിപ്രായവും ഉണ്ട്. സഭാംഗങ്ങൾ ധാരാളമായി പന്തക്കുസ്താ വിഭാഗങ്ങളിലേക്ക് പോകുന്നത് ആശങ്കാജനകമാണ്. കുടുംബ പ്രശ്നങ്ങളിൽ സഭാഘടകങ്ങൾ സത്വരവും ഫലപ്രദവുമായി ഇടപെടാത്തത് പന്തക്കുസ്താവിഭാഗങ്ങൾ മുതലെടുക്കാൻ ശ്രമിക്കുന്നു എന്നതാണ് യാഥാർഥ്യം. ഇപ്പോഴുള്ള

ഭക്താനുഷ്ഠാനങ്ങൾ വിശ്വാസത്തിന്റെ ആഴത്തിലേക്ക് സഭാതനയരെ നയിക്കുന്നില്ല.

എക്യുമെനിക്കൽ പ്രസ്ഥാനം ശക്തിപ്പെടുത്തണം. പലപ്പോഴും വ്യക്തിപരവും സാമുദായികവുമായ സ്വാർത്ഥ താത്പര്യങ്ങളാണ് ഐക്യത്തിന് തടസ്സം നിൽക്കുന്നത്. സഭൈക്യദിനങ്ങൾ പ്രാർത്ഥനയുടെയും ചർച്ചയുടെയും മാത്രം ദിനങ്ങളായി കടന്നുപോകുന്നു. പ്രായോഗികവും ദൃശ്യവുമായ നടപടികൾ ഉണ്ടാകുന്നില്ല. യാക്കോബായ, ഓർത്തഡോക്സ് സഭാംഗങ്ങളുമായുള്ള വിവാഹത്തിലെ നിയമങ്ങൾ ഇനിയും ലഘൂകരിക്കണമെന്ന് ചിന്തിക്കുന്നവരുണ്ട്.

### 1.8 അധികാരവും പങ്കാളിത്തവും

അതിരൂപതയിലും ഇടവകകളിലും ശക്തവും പങ്കാളിത്തപരവുമായ അധികാരസം വിധാനങ്ങൾ നിലവിലുണ്ട്. അതുപോലുള്ള ശക്തമായ ഭരണ സംവിധാനങ്ങൾ ഫൊറോനകളിലും ഉണ്ടാകണം. ഇടവകകളിലെ പ്രശ്നങ്ങളിൽ അതിരൂപതയുടെ ഇടപെടൽ കാര്യക്ഷമവും സമയോചിതവുമായിരിക്കണം. വൈദികർക്ക് പ്രായം കൂടി വരുന്തോറും ശുശ്രൂഷാമനോഭാവം കുറയുന്നതായി കാണുന്നു. സ്ഥാപനങ്ങളുടെ നടത്തിപ്പ് അത്മായരെ ഏൽപ്പിക്കാവുന്നതാണ്.

സ്വഭാവഗുണവും സമഗ്രതയും കാര്യപ്രാപ്തിയുമുള്ളവർ നേതൃസ്ഥാനങ്ങളിൽ വരണം. ഒരേ ആൾതന്നെ തുടരാതെ പുതിയ ആളുകൾ നേതൃത്വ ശുശ്രൂഷ ഏറ്റെടുക്കണം. നേതൃനിരയിൽ യുവജന പ്രാതിനിധ്യവും കൂടിയാലോചനകളിൽ യുവജന പങ്കാളിത്തവും ഉറപ്പാക്കണം. അഭിപ്രായം പറയുന്നവർ ഉത്തരവാദിത്വവും കൂടി ഏറ്റെടുത്ത് പ്രവർത്തിക്കാൻ തയ്യാറാകണം.

സീറോമലബാർ സഭയിൽ മെത്രാൻ നിയമനങ്ങൾ ഉൾപ്പെടെയുള്ള എല്ലാത്തരം ആലോചനായോഗങ്ങളിലും തന്ത്രപൂർവ്വം ഭൂരിപക്ഷം ഉറപ്പിക്കുന്ന ശൈലി അവസാനിപ്പിക്കണം. സഭയുടെ അധികാര നിർവ്വഹണ വേദികളിൽ രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കണം. സഭയിലെ യുവജന സംഘടനകൾ തമ്മിൽ അനാരോഗ്യകരമായ മത്സരം ഉള്ളതായി കാണുന്നു. ഓരോസം ഘടനയിലെയും പ്രവർത്തകരുടെ പ്രായപരിധി നിജപ്പെടുത്തുകയാണെങ്കിൽ ഈ പ്രവണതക്ക് മാറ്റം വരും.

**1.9 വിവേചിച്ചറിയുന്നതും തീരുമാനിക്കുന്നതും**

പരിശുദ്ധാത്മാവിന്റെ സാന്നിധ്യം, മന്ത്രണം, ശക്തി, സഹായം, പ്രവർത്തനം എന്നിവ തിരിച്ചറിയാനുള്ള പരിശീലനം നൽകണം. പരിശുദ്ധാത്മാവിന്റെ വർഷം പ്രഖ്യാപിച്ച് ആചരിക്കണം. സഭാതീരുമാനങ്ങളിൽ പരിശുദ്ധാത്മാവിന് പങ്കുണ്ടെന്ന് പലർക്കും തോന്നുന്നില്ല. തീരാത്ത തർക്കങ്ങൾ ആത്മാവിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു. പലപ്പോഴും തീരുമാനങ്ങൾ മുൻകൂട്ടി എടുത്തിട്ട് വ്യർത്ഥമായ ചർച്ചകൾ നടത്തുന്നതായാണ് തോന്നുന്നത്.

ഔദ്യോഗിക നേതൃത്വങ്ങളിലുള്ളവർ വ്യക്തിസ്വാർത്ഥനിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കുന്നു. ഭൂരിപക്ഷ അഭിപ്രായം അനുസരിച്ചു മാത്രം എപ്പോഴും തീരുമാനമെടുക്കരുത്. സാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്കാളിത്തവും കൂടിയാലോചനയും വേണം. കണക്കുകൾ കൃത്യമായി സൂക്ഷിക്കണം. ഇന്റേണൽ ഓഡിറ്ററിംഗ് ഇല്ലാത്തിടത്ത് അത് തുടങ്ങണം. അതിരൂപതയുടെ സമ്പത്തിന്റെ വിനിമയം അതിരൂപതാംഗങ്ങൾക്ക് കൃത്യമായി അറിയാൻ സംവിധാനം വേണം. ഇടവക, ഫൊറോന, അതിരൂപതാതലങ്ങളിൽ പരാതി പരിഹാരസമിതികൾ ഉണ്ടാകണം.

**1.10 സിനഡാത്മകതയിൽ നമ്മെത്തന്നെ രൂപീകരിക്കുന്നത്**

കൃത്യവും വിപുലവുമായ വിശ്വാസപരിശീലന പരിപാടികളിലൂടെയും, തിരുബാലസഖ്യം, അൾത്താര സഖ്യം, സി.എൽ.സി., സി.എം.എൽ., കെ.സി.വൈ.എം., കെ.സി.എസ്.എൽ., ജീസസ് യൂത്ത്, തുടങ്ങിയ സംഘടനകളിലൂടെയും, നിവേദിത, സുബോധന, റിന്യൂവൽ സെന്റർ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പ്രത്യേക പരിപാടികളിലൂടെയും കുട്ടികൾക്കും ചെറുപ്പക്കാർക്കും വ്യക്തിത്വ രൂപീകരണവും നേതൃത്വ പരിശീലനവും അതിരൂപത നൽകുന്നുണ്ട്. താഴെത്തട്ടിൽ നിന്നു തുടങ്ങുന്ന ഈ പരിശീലനം വഴി സിനഡാത്മകതയിൽ വളരാൻ കുട്ടികളെയും യുവജനങ്ങളെയും പ്രാപ്തരാക്കണം. രോഗീപരിചരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, കൗൺസിലിംഗ് എന്നിവയും ഉൾപ്പെടുത്തി മതബോധന സിലബസ് പരിഷ്കരിക്കണം. ഉത്തരവാദിത്വങ്ങളും കടമകളും അധികാരപരിമിതികളും ആനുകൂല്യങ്ങളുമെല്ലാം വ്യക്തമാക്കുന്ന ക്ലാസുകൾ നേതൃത്വത്തിലേക്ക് കടന്നുവരുന്നവർക്ക് നൽകണം.

കഴിവും അർഹതയും ഉള്ളവരേക്കാൾ മേലധികാരികളുടെ സ്വകാര്യ താല്പര്യമനുസരിച്ചാണ് പല വ്യക്തികളും നേതൃനിരയിലേക്ക് കടന്നു വരുന്നത്. സഭാനേതൃത്വത്തിന്റെ നിലവാരമില്ലായ്മയും പോരായ്മകളും അസ്വസ്ഥത സൃഷ്ടിക്കുന്നു. സഭാധികാരികൾ തമ്മിലുള്ള അകൽച്ചയും അനൈക്യവും ആശങ്കയും ഉതപ്പും നൽകുന്നു. സഭയിൽ ഉപഭോഗസംസ്കാരം കൂടി വരുന്നു. സഭയ്ക്ക് ലാളിത്യവും ദാരിദ്ര്യാരൂപിയും നഷ്ടപ്പെട്ടു.

## 2. പ്രത്യേക സിനഡൽ സമ്മേളനങ്ങളിൽ നിന്ന് ലഭിച്ച ഉൾക്കാഴ്ചകൾ

### 2. 1 കുട്ടികളുടെ സിനഡ്

അതിരൂപതയുടെ വിശ്വാസ പരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇന്റെൻസീവ് കോഴ്സിനോടനുബന്ധിച്ച് എല്ലാ പള്ളികളിലും കുട്ടികളുടെ സിനഡ് നടത്തി. കുട്ടികൾ ഉന്നയിച്ച ഏതാനും പ്രധാനപ്പെട്ട ആശയങ്ങൾ: പെൺകുട്ടികളെ അൾത്താര ശുശ്രൂഷകരാക്കിയിട്ടുള്ള പല ഇടവകകളും ഉണ്ട്; മറ്റ് ഇടവകകളും അതുപോലെ ചെയ്യണം. കുർബാനയുടെ ദൈർഘ്യം ചിലരിൽ വിരസത സൃഷ്ടിക്കുന്നു. ക്രിസ്തുവിനെയും ക്രിസ്തു പഠിപ്പിച്ചവയെയും സ്നേഹിക്കുന്നുവെങ്കിലും സ്ഥാപനവത്കരിക്കപ്പെട്ട സഭ ഒരു ഭാരമായാണ് പല കുട്ടികൾക്കും അനുഭവപ്പെടുന്നത്. പക്ഷപാതവും വിവേചനവും പരക്കെ ദൃശ്യമാണ്. ചില വൈദികർ കുട്ടികളോട് പരുഷമായി പെരുമാറുന്നു; ചിലരുടെ പ്രസംഗവും ജീവിതവും തമ്മിൽ ബന്ധമില്ല. ചില വൈദികർ സമ്പന്നരായ കുട്ടികളോട് പ്രത്യേക താല്പര്യം കാണിക്കുന്നു. സഭകേരളസമൂഹത്തിന് വലിയ ഉതപ്പുനൽകി കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സീറോമലബാർ സഭാംഗമാണെന്ന് പറയാൻ പലരും മടിക്കുന്നു. സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടമാണ് സഭയ്ക്കകത്ത് ഭിന്നിപ്പിന് കാരണമെന്ന് കുട്ടികൾ ചിന്തിക്കുന്നു. സഭ സാമൂഹ്യ സേവനം ചെയ്യുന്നുണ്ടെന്ന് അറിയുമ്പോഴും സഭയുടെ ഭാഗമാകുക എന്നാൽ പണം സംഭാവന ചെയ്യുക എന്നാണ് അർത്ഥം എന്ന് കുട്ടികൾ കരുതുന്നു. 12 വർഷത്തെ വേദപാഠം കഴിഞ്ഞിട്ടും വിശ്വാസത്തെയും ധാർമികതയെയും സംബന്ധിച്ച് ചോദ്യങ്ങൾ ബാക്കി നിൽക്കുന്നു. വേദപാഠ ക്ലാസുകളിൽ ചോദ്യോത്തരത്തിനുള്ള കൂടുതൽ അവസരങ്ങൾ ഉണ്ടാകണം.

## 2. 2 വനിതാ സിനഡ്

അതിരൂപതയിലെ വിമൺ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ നടത്തിയ വനിതാ സിനഡിന്റെ മുഖ്യമായ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും : പൗരോഹിത്യമൊഴികെ എല്ലാമേഖലകളിലും സ്ത്രീ സാന്നിധ്യം ഉറപ്പാക്കണം. മക്കളെ ആത്മീയരായി വളർത്തുന്നതിൽ അവർ ചെയ്യുന്ന പങ്ക് വളരെ വലുതാണ്. സ്ത്രീകൾ എത്തിപ്പെടാത്ത മേഖലകൾ ഒന്നുമില്ല. പുരുഷന്മാരെപോലെ ക്രിയാത്മകമായി ചിന്തിക്കാൻ സ്ത്രീകൾക്ക് സാധിക്കുകയില്ല എന്ന മിഥ്യാധാരണ സമൂഹത്തിൽ പ്രബലമാണ്. സ്ത്രീകൾക്ക് അർഹമായ സ്ഥാനവും തുല്യമായ പങ്കാളിത്തവും ലഭിക്കുന്നില്ല. സഭയിൽ സ്ത്രീകളുടെ സ്ഥാനം പുറകിലാണ്. സ്ഥാനമാനങ്ങളിലും തൊഴിലിലും വേതനത്തിലുംഗാർഹികമേഖലയിലും തുല്യത വരണം. സ്ഥാനങ്ങളിൽ ഇരിക്കാൻ പുരുഷന്മാരും ജോലി ചെയ്യാൻ സ്ത്രീകളും എന്ന പ്രവണതയെ സ്ത്രീകൾ ശക്തമായി എതിർക്കുന്നു. പുരുഷന്മാർ ഭരിക്കുന്ന കുടുംബങ്ങളിൽ സ്ത്രീകളുടെ വളർച്ച മുരടിക്കുന്നു. സ്ത്രീകൾക്ക് സ്വാതന്ത്ര്യം വേണം, പിന്തുണ വേണം. രാത്രികാലങ്ങളിൽ യാത്ര ചെയ്യാൻ പോലും സുരക്ഷിതമായ അവസ്ഥ സ്ത്രീകൾക്ക് നിലവിലില്ല. സ്ത്രീകൾക്ക് അവഗണനകൾ ആണ് എപ്പോഴും; അവരുടെ പ്രസക്തമായ വാദങ്ങൾ പോലും പരിഗണിക്കപ്പെടുന്നില്ല. 50 വയസ്സു കഴിഞ്ഞവർക്ക് ഇപ്പോൾ എവിടെയും സ്ഥാനമില്ല. അത് മാറണം. എന്നാൽ, സ്ഥാനങ്ങൾ നൽകുമ്പോൾ സ്ത്രീകൾ ഉൾവലിയുന്നതും ചൂണ്ടിക്കാണിക്കപ്പെട്ടു.

സന്യസ്തർക്ക് അർഹമായ ജീവനാംശം കൊടുക്കുന്നില്ല. കുടുംബങ്ങളിൽ നടക്കുന്ന കൂദാശ സ്വീകരണങ്ങളിൽ പോലും പങ്കെടുക്കാൻ അവർക്ക് അനുവാദമില്ല. പെൺകുട്ടികളെ കുമ്പസാരിപ്പിക്കാൻ സിസ്റ്റേഴ്സ് വേണം എന്ന അഭിപ്രായവുമുണ്ട്. എല്ലാ വിവാഹിതരായ പെൺകുട്ടികളെയും വിമൺ വെൽഫെയർ സർവീസസിൽ അംഗങ്ങളാക്കുക. പെൺകുട്ടികളെ സം ഘടനകളിൽ വിടാൻ താല്പര്യമുണ്ടെന്നും ഇല്ലെന്നും അഭിപ്രായമുണ്ട്. ആത്മീയ ഉന്നമനവും വ്യക്തിത്വവികസനവും സംഘടനാ പ്രവർത്തനങ്ങളിലൂടെ കരഗതമാകുമെങ്കിലും ദുരുപയോഗം, സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാര്യങ്ങൾ ഭയപ്പെടുത്തുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനുമായി ഫൊറോന, ഇടവക തലങ്ങളിൽ ഒരു ലീഗൽ സെൽ ഉണ്ടാകണം.

അഭിപ്രായം തുറന്നു പറഞ്ഞാൽ സ്ത്രീ വിമർശനം നേരിടുന്നു. വിവാദങ്ങൾക്ക് അവർ വേഗം ഇരയാക്കപ്പെടുന്നു.

### 2.3 വിശ്വാസപരിശീലകരുടെ സിനഡ്

വിശ്വാസ പരിശീലകരുടെ ഒരു പ്രാദേശിക സിനഡൽ സമ്മേളനത്തിൽ ഉയർന്നുവന്ന ആശയങ്ങൾ: ക്രിസ്തു കേന്ദ്രീകൃതമായ ഒരു വിശ്വാസ പരിശീലന രീതി രൂപപ്പെടുത്തണം. എന്തുകൊണ്ടാണ് ക്രിസ്തുവിന്റെ അനുയായി ആയിരിക്കുന്നതെന്നും എന്തിനാണ് വിശ്വസിക്കുന്നതെന്നും വിശ്വാസ ജീവിതത്തിന്റെ പ്രാധാന്യം എന്താണെന്നും കുട്ടികൾക്ക് ബോധ്യം നൽകാനാവണം. 'എങ്ങനെ' എന്നതിനേക്കാൾ 'എന്ത്' എന്നത് ബോധ്യപ്പെടുത്തുകയും വേണം. ഇപ്പോഴുള്ള സിലബസ് പരീക്ഷ രീതി മാറ്റി ബൈബിൾ, വിശുദ്ധകുർബാന തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾക്ക് പ്രാധാന്യം നൽകി കുട്ടികളും അധ്യാപകരും ചേർന്നുള്ള ഒരു സഹനടത്തമായി വിശ്വാസ പരിശീലനത്തെ മാറ്റണം.

### 2.4 അധ്യാപക സിനഡ്

സെക്കുലർ സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന ക്രൈസ്തവ അധ്യാപകരുടെ പ്രാദേശിക സിനഡൽ സമ്മേളനത്തിൽ നിന്ന്: എറണാകുളം-അങ്കമാലി അതിരൂപതയിൽ ഇടവകപ്രവർത്തനം, വിശ്വാസ പരിശീലനം, സം ഘടനകൾ, കുടുംബയൂണിറ്റുകൾ, സാമൂഹ്യ സേവനം എന്നിവയിലൂടെ ദൈവജനത്തെഒരുമയിൽ നയിക്കാൻ ഒരു പരിധിവരെ സാധിക്കുന്നുണ്ട്. എങ്കിലും പ്രബലരുടെയും സമ്പന്നരുടെയും പക്ഷം ചേരൽ, വിഭാഗീയത എന്നിവ ചില ഇടവകകളിൽ സം ഭവിക്കുന്നുണ്ട്. സഭാധികാരികളുടെ പുറം തിരിയൽ മനോഭാവം വിശ്വാസികളെ സഭയിൽ നിന്ന് പിന്തിരിയാൻ പ്രേരിപ്പിക്കുന്നു. സഭാ നേതൃത്വത്തിന്റെ രാഷ്ട്രീയ അധികാരപ്രീണനവും സ്വാർത്ഥ താല്പര്യങ്ങളും മൂലം ലോകത്തിന്റെ തിന്മകൾക്കെതിരെ പ്രതികരിക്കാൻ അവർക്ക് സാധിക്കുന്നില്ല.

### 2.5 പ്രേഷിത ദമ്പതികളുടെ സിനഡ്

അതിരൂപതയിലെ പ്രേഷിതദമ്പതികളുടെ കൂട്ടായ്മയായ മിഷനറി കപ്പിൾസ് ഓഫ് ക്രൈസ്റ്റിന്റെ നേതൃത്വത്തിൽ 'ഗാർഹിക സഭയിലെ സിനഡാലിറ്റി' എന്ന വിഷയത്തിൽ കൂടിയാലോചന നടത്തി. പ്രധാനപ്പെട്ട കണ്ടെത്തലുകൾ ഇവയാണ്: ആശയ വിനിമയത്തിലെ അപാ

കതകൾ, സാമൂഹ്യ മാധ്യമങ്ങളുടെ അമിതോപയോഗം, ഗ്രാന്റ് പേരന്റ്സിന്റെ അഭാവം, തൊഴിൽ കേന്ദ്രീകൃത ജീവിത ശൈലി തുടങ്ങിയവ കുടുംബത്തിന്റെ ഒരുമിച്ചുള്ള സഞ്ചാരം തടസപ്പെടുത്തുന്നു. വിശ്വാസത്തിന്റെ ഉറപ്പ് എല്ലാ കുടുംബങ്ങൾക്കും ഇല്ല. അമ്മമാർ, രോഗികൾ, പ്രായമായവർ, മരുമക്കൾ, പഠിക്കാൻ കഴിവ് കുറഞ്ഞ കുട്ടികൾ, എന്തെങ്കിലുംബലഹീനതയുള്ളവർ എന്നിവർ കുടുംബങ്ങളിൽ അവഗണിക്കപ്പെടുന്നു. കുടുംബാംഗങ്ങൾക്കിടയിൽ പരസ്പര സം ഭാഷണം കുറയുന്നു. എന്തും തുറന്ന് പറയാനുള്ള സ്വാതന്ത്ര്യം കുറയുന്നു. കുടുംബങ്ങളിൽ കൂടിവരവുകൾ ഉണ്ടാകുന്നത് കുടുംബാഘോഷങ്ങളോട് ബന്ധപ്പെട്ടാണ്. ലഹരിക്കും ഭക്ഷണത്തിനും മാത്രം പ്രാധാന്യമുള്ള കൂടിവരവുകളും ഉണ്ട്. പ്രകൃതിസ്നേഹം, അധ്വാനശീലം, നീതിബോധം, അയൽപക്കസ്നേഹം, ഒന്നിച്ചുള്ള യാത്രകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം. അധികാരത്തിന്റെ ഭാഷയും യുക്തിസഹമല്ലാത്ത ഉപദേശങ്ങളും മുതിർന്നവർ ഒഴിവാക്കണം. മക്കൾ മാതാപിതാക്കളോടൊപ്പം നടക്കാൻ ഇഷ്ടപ്പെടാത്ത ടീനേജ്, യൗവന കാലത്തും അവർക്ക് കുടുംബത്തോട് ആകർഷണം നിലനിൽക്കത്തക്കവിധം കുടുംബാന്തരീക്ഷം ഊഷ്മളമാകണം.

### 2.6 വൈദിക സിനഡ്

അതിരൂപതയിലെ വൈദികർ നാലു സോണുകളിലായി സമ്മേളിച്ച് വൈദിക സിനഡ് നടത്തി. സുവിശേഷത്തിനും മനസ്സാക്ഷിക്കും അനുസരിച്ച് നിലപാടെടുത്ത അതിരൂപതയിലെ വൈദികരെ സഭയുടെ ഔദ്യോഗിക നേതൃത്വം വിമതരായി ചിത്രീകരിച്ചു. ഇത് മായാത്ത മുറിവാണ്. 60 വർഷമായി അതിരൂപതയിൽ അർപ്പിച്ചു വരുന്ന ജനാഭിമുഖ കുർബാനയിൽ മാറ്റം വരുത്തരുത്. വൈദികരുടെയും അല്മായരുടെയും നിവേദനങ്ങൾ പരിഗണിക്കാതെ ഏകപക്ഷീയമായി സീറോമലബാർ സിനഡ് എടുത്ത തീരുമാനം വൈദികരെ വേദനിപ്പിച്ചു; ഈ തീരുമാനം സിനഡുതന്നെ തിരുത്തണം. സഭയിൽ ഡയലോഗിനുള്ള ഇടങ്ങൾ തുറക്കണം, ഉപയോഗപ്പെടുത്തണം.

### 2.7 അഭിഭാഷക സിനഡ്

അതിരൂപതയുടെ ഭാരതമാതാ ലോ കോളേജിൽ വച്ച് ക്രൈസ്തവ അഭിഭാഷകരുടെ സിനഡൽ സമ്മേളനം നടത്തി. ചർച്ചകളിൽ ഉയർന്നു വന്ന ചില പ്രധാന ആശയങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു. അ

തിരൂപതയിൽ അഭിഭാഷക കൂട്ടായ്മ പ്രവർത്തിച്ചിരുന്നു; വീണ്ടും വിളിച്ചുചേർത്തതിൽ അഭിഭാഷകർ സന്തോഷം രേഖപ്പെടുത്തി. സഭയ്ക്കാവശ്യമുള്ള നിയമോപദേശവും നിയമ സഹായങ്ങളും ചെയ്തുതരാൻ അഭിഭാഷകർ തയ്യാറാണ്. ഇതിനായി അഭിഭാഷക പാനൽ ഉണ്ടാക്കേണ്ടതാണ്. ബോധവത്കരണത്തിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ലീഗൽ ക്ളാസ്സുകൾ സം ഘടിപ്പിക്കണം. കുടിയേറ്റം, മതം മാറ്റം, ന്യൂനപക്ഷാവകാശങ്ങൾ തുടങ്ങിയ വിഷയങ്ങൾ അഭിഭാഷകരോടൊപ്പം ചർച്ച ചെയ്യണം.

തമ്മിൽ ഐക്യം ഇല്ലാത്ത ഒരു സമുദായം എന്ന നിലയിലാണ് പൊതുസമൂഹം ക്രൈസ്തവരെ കാണുന്നത്. അറിവുള്ള, ചിന്തിക്കുന്ന ഓരോ ക്രിസ്ത്യാനിയും ഓരോ വിഷയത്തിലും സ്വതന്ത്രമായി ചിന്തിക്കുന്നതും പ്രതികരിക്കുന്നതുമാകാം സഭയിലെ വ്യത്യസ്തതകളുടെ കാരണം. സഭയുടെ സ്ഥാപനങ്ങളിൽ സുതാര്യത ഇല്ലെന്നും ധാരാളം നിഗൂഢതകൾ അവിടങ്ങളിൽ ഉണ്ടെന്നും പൊതുസമൂഹം ധരിക്കുന്നതായി അവരുടെ പ്രതികരണങ്ങൾ വ്യക്തമാക്കുന്നു. ഇതിനു ഒരു കാരണം യാതൊരു അടിസ്ഥാനവുമില്ലാതെ സഭയെ വിമർശിക്കുന്ന വിശ്വാസികളാണ്. സഭയിൽ മുഴുവൻ അഴിമതിയാണ് എന്നുള്ള ധാരണയും പൊതുസമൂഹം വച്ചുപുലർത്തുന്നു. ഇടവകകളിൽ പാരിഷ് കൗൺസിൽ മുതൽ തുടങ്ങുന്ന സം വിധാനങ്ങൾ ഉണ്ടെങ്കിലും അതിനെ പറ്റിയൊന്നും പൊതുസമൂഹത്തിന് അറിവില്ല. ജാതി മത ഭേദമെന്യേ പൊതുസമൂഹം വൈദികരെയും സന്യസ്തരെയുംബഹുമാനിച്ചിരുന്നു. എന്നാൽ, ദാരിദ്ര്യവും ലാളിത്യവും ജനങ്ങളോടുള്ള വ്യക്തിബന്ധങ്ങളും ഉപേക്ഷിച്ച് അധികാരത്തിന്റെയും ധനത്തിന്റെയും പിന്നാലെ സമർപ്പിതർ പോകാൻ തുടങ്ങിയിരിക്കുന്നു. ഇത് ജനവും സഭയും തമ്മിൽ വലിയ വിടവ് സൃഷ്ടിച്ചു. ക്രൈസ്തവ സ്ഥാപനങ്ങൾ ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായിത്തന്നെ നടത്തണം.

## 2.8 ഇതരമതസ്ഥരോടൊത്തുള്ള സിനഡൽ സമ്മേളനം

കാലടി സമീക്ഷയിൽ വച്ച് ഹിന്ദു, മുസ്‌ലിം സഹോദരങ്ങളുമായി കൂടിയാലോചന നടത്തി. ഇതര മതസ്ഥരായ സഹോദരങ്ങൾക്ക് സഭയെക്കുറിച്ച് പറയാനുള്ള ഏതാനും കാര്യങ്ങൾ: വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും ക്രൈസ്തവ സമൂഹത്തിന്റെ വലിയ സംഭാവനയുണ്ട്. പക്ഷേ, ഇന്ന് സഭ കമ്മ്യൂണിറ്റി ഐഡൻറിറ്റി സ്ഥാപിക്കുവാനും ഉറപ്പിക്കുവാനുമുള്ള വ്യഗ്രതയിലാണ്. മതാചാരങ്ങൾക്ക് പ്രാധാ

ന്യം നൽകുകയും മതത്തിന്റെ അന്തസത്ത ചോർന്നു പോവുകയും ചെയ്യുന്നു. മറ്റു മതങ്ങളുമായി വലിപ്പ ചെറുപ്പ ചിന്തയും ക്രൈസ്തവരുടെ അരക്ഷിത ചിന്തയും കാരണം അപരന്റെ ആത്മാവിന്റെ ഭംഗി കാണാൻ കഴിയുന്നില്ല. ഭക്ഷണത്തിലും വസ്ത്രധാരണ രീതിയിലും അമിതമായ പാശ്ചാത്യവത്കരണം സഭയിൽ ഉണ്ട്. കേരളത്തിൽ വളർന്നുവരുന്ന മുസ്ലിം ക്രിസ്ത്യൻ വേർതിരിവ് സഭ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. പരസ്പരം ഇടകലരാനുള്ള അവസരങ്ങൾ ഉണ്ടാകണം. ക്രിസ്ത്യൻമുസ്ലിം നേതൃത്വത്തിലുള്ളവർക്ക് സംവാദത്തിനുള്ള അവസരങ്ങൾ നൽകണം.

## 2.9 മാധ്യമപ്രവർത്തകരോടൊത്തുള്ള സിനഡൽ സമ്മേളനം

പത്ര, ദൃശ്യ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖരെ ക്ഷണിച്ചുവരുത്തി സഭയെയും സഭ നൽകുന്ന സാക്ഷ്യങ്ങളെയും കുറിച്ച് അവർക്കുള്ള വിലയിരുത്തലുകൾ കേട്ടു. ചർച്ചകളിൽ ഉയർന്നു വന്ന പ്രധാന ആശയങ്ങൾ: വളരെ അച്ചടക്കത്തോടെ എല്ലാവരും ഒന്നിച്ചു പോകുന്ന ഒരു സമൂഹമായാണ് സഭയെ കണ്ടിരുന്നത്. പക്ഷേ, ഇന്ന് സഭയിൽ വിഭാഗീയതയുണ്ടെന്ന് മാധ്യമ പ്രവർത്തകർ നിരീക്ഷിച്ചു. സഭാനേതൃത്വം സഭയിൽ വിഭാഗീയത വളർത്തുന്നു. സഭയെ ഒന്നിച്ച് നിർത്തുക എന്നതിന് ഈ കാലഘട്ടത്തിൽ സഭാനേതൃത്വം കൂടുതൽ പ്രാധാന്യം നൽകുന്നത് സഭയുടെ വിലപേശൽ ശേഷി കൂട്ടുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ്. ക്രൈസ്തവസഭയെ മറ്റു സമുദായങ്ങൾ പോലും കാണുന്നത് തങ്ങൾക്ക് സം രക്ഷണം തരുന്ന ഒരു സമൂഹമായിട്ടാണ്. അതുകൊണ്ട് സഭയിൽ അസ്വസ്ഥതകൾ വർദ്ധിച്ചു വരുമ്പോൾ അക്രൈസ്തവർക്കും വിഷമം ഉണ്ട്.

സഭാംഗങ്ങൾ എല്ലാവരെയും അനുകമ്പാപൂർവ്വം കേൾക്കുന്നതിന് സഭാനേതൃത്വം ശ്രദ്ധിക്കുന്നില്ല. തങ്ങൾ ഒരു കാര്യം പറഞ്ഞാൽ അതു നടത്തുമെന്ന വാശി അധികാരികൾക്കുണ്ട് എന്ന് തോന്നുന്നു; ആജ്ഞാശക്തികൊണ്ട് കാര്യങ്ങൾ നടത്താനാകും എന്ന് കരുതുന്നതുപോലെ. സഭയിൽ പറഞ്ഞിട്ട് കേൾക്കപ്പെടുന്നില്ല എന്നതുകൊണ്ടാണ് സഭാംഗങ്ങൾക്ക് മീഡിയയിൽ സംസാരിക്കേണ്ടി വരുന്നതും പുറത്ത് സമരം ചെയ്യേണ്ടിവരുന്നതും.

പുരോഹിതരും അൽമായരും, പുരോഹിതരും മെത്രാന്മാരും, പുരോഹിതരും സന്യസ്തരും എന്നിങ്ങനെ സഭയിൽ എപ്പോഴും ഒരു വർഗബോധ

മുണ്ട്. സഭയുടെ സ്ഥാപനങ്ങളുടെ തലപ്പത്ത് അല്മായരെ നിയമിക്കണം. തുറന്നു സംസാരിക്കുന്നതും അതിന്റെ ഫലമായി പിഴവുകൾ ഏറ്റുപറയുന്നതും ഇന്ന് സഭയിൽ കാണുന്നില്ല. തുറന്നുപറച്ചിൽ സഭാനേതൃത്വത്തിൽ നിന്ന് ആരംഭിക്കണം. ഹയരാർക്കിയെ ഒരു കേടും കൂടാതെ സൂക്ഷിക്കുകയാണ് തങ്ങളുടെ ഏറ്റവും വലിയ കടമ എന്ന് ഹയരാർക്കിയിലുള്ളവർ വിചാരിക്കുന്നു. സത്യം എങ്ങനെ പറയാതിരിക്കാം എന്നാണ് രൂപതകളുടെ പി.ആർ.ഓ. മാർ ആലോചിക്കുന്നത്.

സഭയിൽ കുറെയധികം ആളുകൾ ക്രിസ്തുവിന്റെ സന്ദേശമനുസരിച്ച് ജീവിക്കുമ്പോൾ കുറച്ച് ആളുകളുടെ തെറ്റുകൾ മറ്റുള്ളവരുടെ നന്മയെ കൂടെ മറയ്ക്കുന്നു. അൽമായർ തെറ്റ്ചെയ്താൽ കൂടെ നിൽക്കാത്ത സഭ, മെത്രാന്മാരുടെയും വൈദികരുടെയും തെറ്റിനെ സംരക്ഷിക്കുന്നു. മീഡിയ ആത്മപരിശോധന നടത്തണമെന്ന് ശഠിക്കുന്ന സഭ എത്രത്തോളം ആത്മപരിശോധന സ്വയം നടത്തുന്നുണ്ട് എന്ന ചോദ്യം ഉയർന്നു. സഭയുടെ ഒരു കാര്യം വരുമ്പോൾ എന്തു കൊണ്ട് മാധ്യമ പ്രവർത്തകർ ഡിഫൻഡ് ചെയ്യാൻ വരുന്നില്ല എന്ന ചോദ്യത്തോട് മാധ്യമപ്രവർത്തകർ പ്രതികരിച്ചതിങ്ങനെ: ന്യായം അല്ലാത്ത ഒരു കാര്യത്തിനുവേണ്ടി വാദിക്കാൻ വരാതിരിക്കുക എന്നത് സഭതന്നെ പകർന്നുതന്ന മൂല്യബോധത്തിന്റെ ഫലമായി ഞങ്ങളിൽ ഉണ്ടാകുന്ന നന്മയാണ്. ഇന്ന് മാധ്യമങ്ങളിൽ സഭയെ പ്രതിനിധീകരിച്ച് വരുന്ന ആളുകളുടെ നിലവാരം കുറവാണ്. ഇവരെ തള്ളിപ്പറയാൻ സഭ തയ്യാറാകണം. സഭയെ സംബന്ധിച്ച ആധികാരികമായ വിവരങ്ങൾ യഥാസമയം മാധ്യമങ്ങൾക്ക് കൊടുക്കാൻ സം വിധാനം ഇല്ലാതെ വന്നാൽ മാധ്യമങ്ങളിൽ സഭയെക്കുറിച്ച് ധാരാളം തെറ്റിദ്ധാരണകൾ ഉണ്ടാകും.

### 2.10 ഇതരസംസ്ഥാന തൊഴിലാളികളോടൊത്തുള്ള സിനഡൽ സമ്മേളനം

ആലുവ അനുഗ്രഹാലയത്തിൽവച്ച് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കത്തോലിക്കരുടെ സിനഡൽ സമ്മേളനം നടത്തി. ആലുവ, ഞാറള്ളൂർ, പെരുമ്പാവൂർ തുടങ്ങി വിവിധ സ്ഥലങ്ങളിൽ ഹിന്ദി, ഒറിയ ഭാഷകളിൽ കുർബാനയും കൂട്ടായ്മകളും സ്ഥിരമായി സംഘടിപ്പിക്കുന്നുണ്ടെങ്കിലും, ഈ പ്രദേശത്തെ കത്തോലിക്കരായ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവർ സഭയുടെ ഭാഗമാണെന്ന് തോന്നുന്നില്ലെന്ന വേദന പങ്കുവച്ചു. രണ്ട് എഫ്.സി.സി. സിസ്റ്റേഴ്സിന്റെ മുഴുവൻ സമയ സേവനത്തെ അവർ വിലമതിച്ചു. സഭയുടെ ഉന്നത ആശു

പത്രികളിലും സ്കൂളുകളിലും കോളേജുകളിലും അവർക്ക് പ്രവേശ നമില്ല. കാരണം പാവപ്പെട്ട പരദേശികൾ എന്നതാണ് അവരുടെ ലേബൽ. സഭ ഇവരുടെ കാര്യത്തിൽ ഗൗരവമായ താത്പര്യം എടുത്തിട്ടില്ല.

## 2.11 കർഷക സിനഡ്

അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗവും, അതിരൂപതാ വൈദികർ നേതൃത്വം നൽകുന്ന പി.ഡി.ഡി.പി. യും കർഷകർക്ക് പൊതുവിലും ക്ഷീര കർഷകർക്ക് പ്രത്യേകിച്ചും പരിശീലനവും സഹായങ്ങളും നൽകുന്നുണ്ട്. സഭയും അതിരൂപതയും ഇനിയും ശ്രദ്ധിക്കേണ്ട ചില മേഖലകൾ കർഷകർ ചൂണ്ടിക്കാട്ടി. ബഫർ സോൺ വിഷയം സഭ ഏറ്റെടുക്കണം. ജൈവകൃഷി സഭാതലത്തിൽ തന്നെ പ്രോത്സാഹിപ്പിക്കപ്പെടണം. ആവശ്യമായ വിപണി കണ്ടെത്താൻ സഭാതലത്തിൽ നൂതന മാർഗങ്ങൾ കണ്ടെത്തണം. കർഷകർക്ക് കമ്പനികൾക്ക് നേരിട്ട് ഉത്പന്നങ്ങൾ നൽകുവാനുള്ള സഹായം ഉണ്ടാകണം. കർഷകരുടെ കടബാധ്യത, ന്യായമായ വില ലഭിക്കാത്ത അവസ്ഥ, കാട്ടുമൃഗങ്ങളുടെ ശല്യം, ഇടനിലക്കാരുടെ ചൂഷണം എന്നിവയിൽ സഭ ശ്രദ്ധ പതിപ്പിക്കണം. കർഷകർക്ക് പെൻഷൻ നൽകുവാൻ സഭാതലത്തിൽ നിന്ന് സമ്മർദ്ദം ഉണ്ടാകണം. നഷ്ടപരിഹാരം ലഭിക്കുവാൻ സഭ മധ്യസ്ഥത വഹിക്കണം.

കർഷകരുടെ പ്രതിനിധിയെ ഇടവക പ്രതിനിധി സഭയിൽ ഉൾപ്പെടുത്തണം. ഇടവകതലത്തിൽ കൃഷി പ്രോത്സാഹിപ്പിക്കണം. തരിശുഭൂമി കൃഷിയോഗ്യമാക്കാനും കർഷകരുടെ ഉൽപ്പന്നങ്ങൾ മാസത്തിൽ ഒരിക്കൽ ഇടവകതലത്തിൽ വിൽക്കുവാനും വളം, വിത്ത്, നിലമൊരുക്കുന്ന ചെലവ് എന്നിവ വഹിക്കുവാനും സഭാതലത്തിൽ നിന്നും സഹായങ്ങൾ ഉണ്ടാകണം. വിശുദ്ധ കുർബാനയിലെ അറിയിപ്പുകളിൽ കർഷകർക്ക് വേണ്ടിയുള്ള സബ്സിഡികളെ കുറിച്ചുള്ള അറിയിപ്പുകൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം. പുതിയ തലമുറയ്ക്ക് കൃഷിയിൽ വളരുവാനുള്ള സാഹചര്യം ഒരുക്കണം. വിശ്വാസ പരിശീലന ക്ലാസുകളിൽ കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം. കൃഷിയെ കുറിച്ച് വിദഗ്ധ സമിതിയെ നിയമിച്ച് ഇടവകതലത്തിൽ പഠനം നടത്തണം. കർഷകരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം ഒരുക്കണം. സ്ഥാപനങ്ങളിൽ സംവരണം വേണം. ഇടവകതലത്തിൽ സബ്സിഡിനിരക്കിൽ യന്ത്രങ്ങൾ കൊടുക്കുന്നതിൽ ശ്രദ്ധ വേണം.

## 2.12 ട്രാൻസ്ജെൻഡേഴ്സിനോടൊത്തുള്ള സിനഡൽ സമ്മേളനം

അതിരൂപതയുടെ സഹൃദയ വെൽഫെയർ സർവീസസ് അതിന്റെ ട്രാൻസ്ജെൻഡർ പ്രോജെക്ടിലൂടെ നൂറിലധികം ഭിന്നലിംഗരെ അനുയാത്ര ചെയ്യുകയും സഹായിക്കുകയും ചെയ്യുന്നുണ്ട്. അവരിലെ കത്തോലിക്കരായ സഹോദരങ്ങളെ മാത്രം കേട്ടതിന്റെ വെളിച്ചത്തിലുള്ള വിവരങ്ങളാണ് ഇവിടെ നൽകുന്നത്. ട്രാൻസ്ജെൻഡേഴ്സ്ന് പൂർണ്ണ അന്തസ്സോടും മാന്യതയോടും കൂടെ ഇടവകയുടെ കൂട്ടായ്മയിലേക്ക് കടന്നുവരാനാകണം. പലപ്പോഴും സ്വന്തം ഇടവക ദേവാലയത്തിൽ വരാനാകാതെ മറ്റു ദേവാലയങ്ങളിൽ പോയി വിശുദ്ധബലിയിൽ പങ്കെടുക്കേണ്ട അവസ്ഥയാണുള്ളത്. ഇടവക കൂട്ടായ്മ അവരെ പൂർണമായി ഉൾക്കൊള്ളുന്നത് കുടുംബവും സമൂഹവും അവരെ അംഗീകരിക്കാൻ സഹായകരമാകും. ഇതിന് ഇടവകാംഗങ്ങൾക്ക് കുടുംബയൂണിറ്റുകളിലും വിശ്വാസപരിശീലന ക്ലാസുകളിലും പ്രത്യേകമായ ബോധവത്കരണം നൽകേണ്ടതാണ്. പലപ്പോഴും വൈദികരും സഭാ നേതൃത്വവും ട്രാൻസ്ജെൻഡേഴ്സിനെ മനസ്സിലാക്കാതെ സമൂഹത്തിൽ നിന്ന് അവരെ അകറ്റുന്ന രീതിയിൽ മോശമായ അഭിപ്രായപ്രകടനങ്ങൾ നടത്താറുണ്ട്. അതിനാൽ വൈദികർക്കും സന്യസ്തർക്കും ട്രാൻസ്ജെൻഡേഴ്സിനെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും വ്യക്തമായ ബോധവത്കരണം അവർക്കുള്ള പരിശീലന പരിപാടികളിൽതന്നെ നൽകണം.

ട്രാൻസ്ജെൻഡേഴ്സിന്റെ മാനസിക ആരോഗ്യം ശക്തിപ്പെടുത്തുന്നതിന് വേണ്ടി കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കണം. അവരുടെ കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ടവർക്കും കൗൺസിലിംഗ് സൗകര്യമുണ്ടാവണം. ട്രാൻസ്ജെൻഡേഴ്സ് ശസ്ത്രക്രിയയിലൂടെ ലിംഗമാറ്റം നടത്തുമ്പോൾ അവരുടെ പേരുകൾ പള്ളി രജിസ്റ്ററിൽ മാറ്റാൻ തയ്യാറാകണം. ഇടവകയിൽ അംഗങ്ങളാകാനും കൂട്ടായ്മയോട് ചേർന്ന് പ്രവർത്തിക്കാനുമുള്ള അവസരങ്ങൾ നൽകണം. സഭാസ്ഥാപനങ്ങളിലും ഇടവകകളിലും ട്രാൻസ്ജെൻഡേഴ്സിന് മാന്യമായ വേതനത്തോടുകൂടി ജോലി നൽകണം. ട്രാൻസ്ജെൻഡേഴ്സിന്റെ വിവാഹങ്ങൾ ദേവാലയത്തിൽ വച്ച് നടത്താൻ അനുവദിക്കണം. അവരുടെ പുതിയ സ്വത്വത്തിനും അന്തസ്സിനും യോജിച്ച മൃതസംസ്കാര ശുശ്രൂഷകൾ പള്ളികളിൽ അവർക്ക് ഉണ്ടാവണം. ദൈവവിളികൾ സ്വീകരി

ക്കാൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡേഴ്സിന് അതിനുള്ള അവസര മുണ്ടാവണം.

**2.13 വിധവകളുടെ സിനഡ്**

വിധവകളുടെ സം രക്ഷണത്തിനും ഉന്നമനത്തിനുമായി അതിരൂപതാ കുടുംബ പ്രേഷിത വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വേദിയാണ് യൂദിത്ത് ഫോറം. ഈ ഫോറത്തിലെ അംഗങ്ങളുടെ സിന ഡൽ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് താഴെ ചേർ ക്കുന്നത്. യൂദിത്ത് ഫോറം പ്രോത്സാഹിപ്പിക്കണം. വേണ്ടത്ര സ്വീക രണം ഇടവക നേതൃത്വത്തിൽ നിന്ന് ഉണ്ടാകുന്നില്ല. സഭയുടെ നേതൃ ത്വതലങ്ങളിൽ വിധവകളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്. വിധവകൾ പാർശ്വവത്കരിക്കപ്പെടുന്നു. വിധവകളോട് വിവേചനം കാണിക്കുന്നുണ്ട്. വിധവകൾ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ചില ദുരനു ഭവങ്ങൾ അവരുടെ ധാർമിക അധഃപതനത്തിനു കാരണമാകുന്നുണ്ട്. വിധവകളുടെ മക്കളെ പഠിപ്പിക്കുന്നതിന് സഹായവും സം വരണവും വേണം.

**ഉപസംഹാരം**

സിനഡാലിറ്റി എന്ന സഭയുടെ അടിസ്ഥാന ഭാവം ആശയപരമായി മനസ്സിലാക്കാനും അത് അയൽക്കൂട്ടങ്ങൾ മുതൽ അതിരൂപതാ കുടുംബം വരെയുള്ള വിവിധ തലങ്ങളിൽ അനുഭവപരമായി ആഘോഷിക്കാനും പ്രാദേശികതല സമ്മേളനങ്ങൾ കാരണമായി. സഭ യുടെ സത്തയും ശൈലിയും ജനം വ്യക്തമായി മനസ്സിലാക്കി എന്ന തിന്റെ തെളിവാണ് 'പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കാനാണ് ആദ്യം പഠിക്കേണ്ടത്' എന്ന അഭിപ്രായം സൂചിപ്പിക്കുന്നത്. സഹനടത്തം സാമൂ ഹികമായും ഘടനാത്മകമായും പ്രകടമായി. ശാശ്വതീകരിക്കാൻ ഉതകുന്ന അനേകം നിർദ്ദേശങ്ങൾ പലകോണുകളിൽ നിന്ന് വന്നിട്ടുണ്ട്. ഉദാഹരണത്തിന്, ചികിത്സാ സഹായമുൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സിനഡൽ രീതിയിലുള്ള കൂടിയാലോചനയ്ക്കു കഴിയുമെന്ന് പ്രത്യാശ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ, ഞായറാഴ്ച പിരിവിന്റെ ഒരു ഭാഗം ഇടവകയിലെ ദരിദ്രരെ സഹായിക്കാനായി ഉപയോഗിക്ക ണമെന്ന് നിർദ്ദേശമുണ്ട്. ഒരിക്കലെങ്കിലും സിനഡൽ സമ്മേളനം നടത്തിയ ചില കുടുംബയൂണിറ്റുകളും സമിതികളും സംഘടനകളും

അവയുടെ പിന്നീടുള്ള മീറ്റിംഗുകളും സിനഡൽ രീതിയിൽ തന്നെ നടത്താൻ തുടങ്ങിയെന്നത് സിനഡാത്മകത ഒരു ശൈലിയായി വേരു പിടിച്ചുതുടങ്ങി എന്നതിന്റെ തെളിവാണ്.

**(Endnotes)**

[1]Available at https://www. youtube. com/watch?v=dGK4GLTNXuM

[2] Available at https://www. youtube. com/watch?v=XC9y6GleTxA

[3]ഈ ലേഖനങ്ങൾ പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും, അതിരൂപതാതല സമ്മേളനത്തിൽ പങ്കെടുത്തവർക്ക് സൗജന്യമായി നൽകുകയും ചെയ്തു.

[4]http://www. ernakulamarchdiocese. org/files/media/documents/0a4f0aaf5f18bbfab1354c0a203aa9b5Missam_03_2022_Mar. pdf;

http://www. ernakulamarchdiocese. org/files/media/documents/1de478adfb4af8763e500125f0a2c0c9Missam_04_2022_Apr. pdf

[5]http://www. ernakulamarchdiocese. org/files/media/documents/1de478adfb4af8763e500125f0a2c0c9Missam_04_2022_Apr. pdf

[6]23 വ്യക്തികൾ അവരുടെ അഭിപ്രായങ്ങൾ എഴുതി അതിരൂപതാ കോഡിനേറ്ററെ ഏൽപ്പിച്ചിട്ടുണ്ട്.

# വിശ്വാസപരിശീലനകേന്ദ്രം

വിശ്വാസപരിശീലനത്തിന്റെ റഗുലർ ക്ലാസ്സുകൾ പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനാതല ഏകദിന സംഗമമായ എലൈവ് 2022 ജൂലൈ മാസം 10-ാം തീയതി മുതൽ ആരംഭിച്ചു. കാറ്റിക്കിസം എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനാതല ഏകദിന ശില്പശാലയായ എൻലൈറ്റ് 2022 ആഗസ്റ്റ് മാസം 8-ാം തീയതി മുതൽ ആരംഭിക്കുന്നു.

1. **2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

   ആഗസ്റ്റ് 07 ഞായർ: എലൈവ് - കൊരട്ടി ഫൊറോന

   ആഗസ്റ്റ് 08 തിങ്കൾ: എൻലൈറ്റ് - മൂഴിക്കുളം ഫൊറോന

   ആഗസ്റ്റ് 08 തിങ്കൾ: എൻലൈറ്റ് - പറവൂർ ഫൊറോന

   ആഗസ്റ്റ് 13 ശനി: എൻലൈറ്റ് - മൂക്കന്നൂർ ഫൊറോന

   ആഗസ്റ്റ് 13 ശനി: എൻലൈറ്റ് - മഞ്ഞപ്ര ഫൊറോന

   ആഗസ്റ്റ് 14 ഞായർ: എലൈവ് - എറണാകുളം ഫൊറോന

   ആഗസ്റ്റ് 18 ശനി: എൻലൈറ്റ് - അങ്കമാലി ഫൊറോന

   ആഗസ്റ്റ് 18 ശനി: എൻലൈറ്റ് - വല്ലം ഫൊറോന

   ആഗസ്റ്റ് 21 ഞായർ: എലൈവ് - കാഞ്ഞൂർ ഫൊറോന

   ആഗസ്റ്റ് 28 ഞായർ: എലൈവ് - മൂക്കന്നൂർ ഫൊറോന

2. **കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:**

എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്ന കാറ്റിക്കിസം ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ഞായറാഴ്ചകളിലെ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ നിവൃത്തി ഇല്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽ സംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്. 2022-2023 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സിനുള്ള രജിസ്ട്രേഷൻ ആഗസ്റ്റ് മാസം 1-ാം തീയതി ആരംഭിച്ച് 10-ാം തീയതി അവസാനിക്കുന്നു. ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷനുംവേണ്ടി

Website: **www.catechismernakulam.com** ൽ Diploma Residential Course എന്ന Menu വിൽ Search ചെയ്യുക.

3. **Catechism Teachers' Orientation Programme (TOP) - The Catechist with A Futuristic Vision :** ജൂലൈ മാസം 28-ാം തീയതി വ്യാഴാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ അതിരൂപത വിശ്വാസ പരിശീലനകേന്ദ്രം ഒൻപതാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീല കർക്കായി ഏകദിന പഠന സെമിനാർ സംഘടിപ്പിച്ചു. ഒൻപതാം ക്ലാസ്സിലെ പാഠപുസ്തത്തെക്കുറിച്ച് കൂടുതൽ അറിയുവാനും അത് കുട്ടി കളിലേക്ക് പകർന്നു കൊടുക്കുവാനുമാണ് ഈ സെമിനാർ ലക്ഷ്യം വച്ചത്. ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് അനുഗ്രഹപ്രഭാ ഷണം നടത്തി. ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത് മോൺ. ഡോ. ആന്റണി നരികുളം, റവ. ഡോ. റിജോയ് പഴയാറ്റിൽ (കാറ്റക്കിസം ഡയ റക്ടർ ഇരിങ്ങാലക്കുട), റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഫാ. ജോസ് വടക്കൻ, ശ്രീ. ജോഷി ജോസഫ് എന്നിവരാണ്. 210 വിശ്വാസപരിശീല കർ ഈ ഏകദിന സെമിനാറിൽ പങ്കെടുത്തു.

4. **ഫൊറോന കാറ്റിക്കിസം സെക്രട്ടറി സിസ്റ്റേഴ്സിന്റെ മീറ്റിങ്:**
2022-23 വർഷത്തെ വിശ്വാസപരിശീലന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഫൊറോന കാറ്റിക്കിസം സെക്രട്ടറി സിസ്റ്റേഴ്സിന്റെ മീറ്റിങ് 27-ാം ജൂലൈ തീയതി റിന്യൂവൽ സെന്ററിൽ കാറ്റിക്കിസം ഓഫീസിൽ കൂടുകയുണ്ടായി. 16 സെക്രട്ടറി സിസ്റ്റേഴ്സും മീറ്റിങിൽ പങ്കെടുത്തു.

5. **കുടുംബപ്രാർത്ഥനകൾ നവീകരിച്ച പതിപ്പ്:**
വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും, നവീകരിച്ച 'കുടുംബ പ്രാർത്ഥനകൾ' പ്രസിദ്ധീകരിച്ചു. രണ്ടു പുസ്തകങ്ങളായാണ് തയ്യാ റാക്കിയിരിക്കുന്നത്. ജൂലൈ 28-ാം തീയതി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് പ്രകാശനം ചെയ്തു. ആദ്യപുസ്തകത്തിന്റെ ആദ്യ പ്രതി മോൺ. ഡോ. ആന്റണി നരികുളത്തിനും, രണ്ടാംപുസ്തകത്തിന്റെ ആദ്യപ്രതി ഫാ. ജോസഫ് പടിഞ്ഞാറേപള്ളാട്ടിലിനും നൽകി. കത്തോലിക്കാസഭയുടെ അടിസ്ഥാന നമസ്കാരങ്ങൾ, ജപമാലകൾ, പ്രത്യേക സന്ദർഭങ്ങളിലും ആവശ്യങ്ങളിലും ചൊല്ലുന്ന പ്രാർത്ഥനകൾ, ഗീതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 'കുടുംബപ്രാർത്ഥനകൾ' കാറ്റക്കിസം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴയാണ് നവീക

രിച്ച് തയ്യാറാക്കിയത്. പ്രാർത്ഥനകളിൽ വരുത്തിയിരിക്കുന്ന ഭേദഗതികളോടുകൂടിയാണ് നവീകരിച്ച കുടുംബപ്രാർത്ഥനകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. 340 പേജുകളുള്ള രണ്ടു പുസ്തകങ്ങളാണ്. മൾട്ടി കളർ കവറോടുകൂടിയതും (വില 70 രൂപ) മുൻവർഷങ്ങളിൽ നൽകിയതുപോലെ പ്രത്യേക കവറോടുകൂടിയതുമായ (വില - 75 രൂപ) പുസ്തകങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത്. ഇടവകകൾക്കായി ഒരുമിച്ച് 50 പുസ്തകങ്ങളിൽ കൂടുതൽ വാങ്ങുമ്പോൾ മൾട്ടി കളർ കവറോടുകൂടിയത് 60 രൂപയ്ക്കും പ്രത്യേക കവറോടുകൂടിയത് 65 രൂപയ്ക്കും ലഭിക്കുന്നതാണ്. പുസ്തകങ്ങൾ ആവശ്യമുള്ള ഇടവകകൾ വിശ്വാസപരിശീലനകേന്ദ്രവുമായി ബന്ധപ്പെടുമല്ലോ.

**6. 2022 ജൂലൈ മാസത്തിൽ നടന്ന എലൈവ് പരിപാടികൾ:**

- ജൂലൈ 10 ഞായർ എലൈവ് : സെന്റ് ജോർജ് ചർച്ച്, കൂടാലപ്പാട് - വല്ലം ഫൊറോനയിലെ 12 ഇടവകകളിൽ നിന്നായി 412 കുട്ടികളും 30 വിശ്വാസപരിശീലകരും പങ്കെടുത്തു.

- ജൂലൈ 17 ഞായർ എലൈവ് : ഹോളി ഫാമിലി ചർച്ച്, കീച്ചേരി - തൃപ്പൂണിത്തുറ ഫൊറോനയിലെ 23 ഇടവകകളിൽ നിന്നായി 272 കുട്ടികളും 28 വിശ്വാസപരിശീലകരും പങ്കെടുത്തു.

- ജൂലൈ 24 ഞായർ എലൈവ് : സെന്റ് റോക്കീസ് ചർച്ച്, മാണിക്കമംഗലം - മഞ്ഞപ്ര ഫൊറോനയിലെ 18 ഇടവകകളിൽ നിന്നായി 360 കുട്ടികളും 32 വിശ്വാസപരിശീലകരും പങ്കെടുത്തു.

- ജൂലൈ 31 ഞായർ എലൈവ് : സെന്റ് പയസ് ടെൻത്ത് ചർച്ച്, ചൂണ്ടി - കിഴക്കമ്പലം ഫൊറോനയിലെ 16 ഇടവകകളിൽ നിന്നായി 300 കുട്ടികളും 26 വിശ്വാസപരിശീലകരും ഈ ഏകദിന ശില്പശാലയിൽ പങ്കെടുത്തു.

ഏകദിന ശില്പശാല ഈ നാല് ഇടവകകളിൽ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ജൂലൈ 2 | ഭാരതമാത കോളേജ് എഡ്യൂക്കേഷൻ ട്രസ്റ്റ്, തൃക്കാക്കര |
| ജൂലൈ 12 | വിയാനി പ്രിന്റിങ്ങ്സ്, എറണാകുളം |
| ജൂലൈ 13 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| ജൂലൈ 19 | നൈപുണ്യ വെൽഫെയർ സർവീസസ്, പൊങ്ങം |
| ജൂലൈ 19 | നൈമെയ്ഡ്സ് വെൽഫെയർ ഫൌണ്ടേഷൻ |
| ജൂലൈ 20 | സത്യദീപം പബ്ലിക്കേഷൻസ്, എറണാകുളം |
| ജൂലൈ 25 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂലൈ 26 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം |
| ജൂലൈ 27 | ഭാരത മാതാ കോളേജ്, തൃക്കാക്കര |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ജൂൺ 24 | സുബോധന, അങ്കമാലി |
| ജൂൺ 25 | ലൂർദ്ദ് സെന്റർ, ആലുവ |
| ജൂൺ 25 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 27 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 28 | ലൂർദ്ദ് സെന്റർ, ആലുവ |
| ജൂലൈ 1 | പ്രീസ്റ്റ് ഹോം, പൊതി |
| ജൂലൈ 7 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂലൈ 8 | സുബോധന, അങ്കമാലി |
| ജൂലൈ 13 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| ജൂലൈ 13 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ജൂലൈ 14 | ജിയോ സെന്റർ, ചക്കരപ്പറമ്പ്, പ്രീസ്റ്റ്സ് ഹോം, പൊതി |
| ജൂലൈ 15 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂലൈ 16 | റിന്യൂവൽ സെന്റർ, കലൂർ |
| ജൂലൈ 19 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂലൈ 20 | സെന്റ് പീറ്റേഴ്സ് യു.പി. സ്കൂൾ, തുരുത്തിപ്പുറം<br>സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, മേലൂർ<br>സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ, മുരിങ്ങൂർ |
| ജൂലൈ 21 | സുബോധന, അങ്കമാലി |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 ആഗസ്റ്റ് - സെപ്റ്റംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ആഗസ്റ്റ് 01-03 (കലൂർ) | സെപ്റ്റംബർ 05-07 (കലൂർ) |
| ആഗസ്റ്റ് 08-10 (കാലടി) | സെപ്റ്റംബർ 13-15 (കാലടി) |
| ആഗസ്റ്റ് 15-17 (കലൂർ) | സെപ്റ്റംബർ 19-21 (കലൂർ) |
| ആഗസ്റ്റ് 22-24 (കലൂർ) | സെപ്റ്റംബർ 20-22 (കാലടി) |
| ആഗസ്റ്റ് 23-25 (കാലടി) | സെപ്റ്റംബർ 26-28 (കലൂർ) |
| ആഗസ്റ്റ് 30-01 (കാലടി) | സെപ്റ്റംബർ 27-29 (കാലടി) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ആഗസ്റ്റ് 05-07

### വിധവാ ധ്യാനം (Contact: 9400836249)

ആഗസ്റ്റ് 19-21

### ദമ്പതി ധ്യാനം (Contact: 8078334522)

ആഗസ്റ്റ് 11 -14

### ഫാമിലി ഔവർ

| | |
|---|---|
| ആഗസ്റ്റ് 06 | - യൂദിത്ത് ഫോറം |
| ആഗസ്റ്റ് 02, 09, 16, 23, 30 | - ഹോളി ഫാമിലി സിസ്റ്റേഴ്സ് |
| ആഗസ്റ്റ് 08 | - എസ്.ഡി. സിസ്റ്റേഴ്സ് |
| ആഗസ്റ്റ് 20 | - എം. സി. സി |

## അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

ആഗസ്റ്റ് 14

## സ്നേഹജ്വാല (പാരന്റിംഗ് സെമിനാർ)

| | |
|---|---|
| ആഗസ്റ്റ് 07, 14 | - കറുകുറ്റി (ആശ്രമം) |
| ആഗസ്റ്റ് 21 | - വളമംഗലം |
| ആഗസ്റ്റ് 28 | - വടയാർ |
| ആഗസ്റ്റ് 28 | - ഇല്ലിത്തോട് |

## വിധവാസെമിനാർ

ആഗസ്റ്റ് 27 - കറുകുറ്റി (ആശ്രമം)

## വലിയ കുടുംബങ്ങളുടെ സംഗമം

ആഗസ്റ്റ് 13 - അങ്കമാലി സോൺ

## വിവാഹോത്സവ്

| | |
|---|---|
| സെപ്റ്റംബർ 03 | - കൊരട്ടി, കറുകുറ്റി |
| സെപ്റ്റംബർ 10 | - അങ്കമാലി, മഞ്ഞപ്ര |
| സെപ്റ്റംബർ 17 | - മൂക്കന്നൂർ, മൂഴിക്കുളം |
| സെപ്റ്റംബർ 24 | - കാഞ്ഞൂർ, വല്ലം |
| ഒക്ടോബർ 01 | - കിഴക്കമ്പലം |
| ഒക്ടോബർ 08 | - തൃപ്പൂണിത്തുറ, വൈക്കം |
| ഒക്ടോബർ 15 | - എറണാകുളം, പറവൂർ |
| ഒക്ടോബർ 22 | - പള്ളിപ്പുറം, ചേർത്തല |

(1972,1997 വർഷങ്ങളിൽ വിവാഹിതരായവർ)

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ആയുർവേദ പഞ്ചകർമ തെറാപ്പി പരിശീലനം

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ ആയുർവേദ പഞ്ചകർമ തെറാപ്പിയിൽ 6 മാസ/ഒരു വർഷ കോഴ്സ് ആരംഭിക്കുന്നു. ഓഗസ്റ്റ് 16 മുതൽ തുടങ്ങുന്ന കോഴ്സിലേക്ക് ഓഗസ്റ്റ് 10 വരെ അപേക്ഷ സ്വീകരിക്കുന്നതാണ്. പത്താം ക്ലാസ്, പ്ലസ് ടു എന്നിവയാണ് അടിസ്ഥാന യോഗ്യത. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബി.എസ്.എസ്. നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കേരളത്തിലും പുറത്തുമുള്ള ആയുർവേദ ആശുപത്രികളിലും റിസോർട്ടുകളിലും ആയുർവേദ തെറാപ്പിസ്റ്റ് ആയി ജോലി ലഭിക്കുന്നതിന് ഈ സർട്ടിഫിക്കറ്റ് ഉപകരിക്കുന്നു. ഫോൺ: 9496573926

## യോഗ പരിശീലനം

ജീവിത ശൈലീരോഗങ്ങളിൽ നിന്ന് മോചനം നേടി ആരോഗ്യപ്രദമായ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നതും യുവജനങ്ങൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുന്നതുമായ യോഗ പരിശീലനം എല്ലാ ദിവസവും പൊന്നുരുന്നി ഓഫീസിൽ നടത്തിവരുന്നു. വിശദവിവരങ്ങൾക്ക് ഫോൺ: 9496573926

## സോളാർ ഗ്രിഡ് യുണിറ്റ് സമർപ്പണം നടത്തി

സഹൃദയ പൊന്നുരുന്നി ഓഫീസ് കോംപ്ലക്സിൽ സ്ഥാപിച്ച സൗരോർജ വൈദ്യുതോത്പാദന യൂണിറ്റ് രണ്ടാം ഘട്ടത്തിന്റെ സമർപ്പണം ഉമ തോമസ് എം.എൽ.എ. നിർവഹിച്ചു. 10 കിലോ വാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ യൂണിറ്റ് സഹൃദയയുടെ പരിസ്ഥിതി വിഭാഗമായ സഹൃദയ ടെക്കിന്റെ സാങ്കേതിക മേൽനോട്ടത്തിലാണ് ഇവിടെ സ്ഥാപിച്ചത്. ആദ്യഘട്ടമായി 27 കിലോവാട്ട് സോളാർ യുണിറ്റ് സ്ഥാപിച്ചിരുന്നു.

വല്ലകം സെന്റ് മേരീസ് പള്ളിയങ്കണത്തിൽ സ്ഥാപിച്ച സൗരോർജ വൈദ്യുതി പ്ലാന്റിന്റെ സമർപ്പണം വൈക്കം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ . കെ. കെ. രഞ്ജിത്ത് നിർവഹിച്ചു. 15 കിലോവാട്ട്

പവർ ശേഷിയുള്ള ഓൺ ഗ്രിഡ് പ്ലാന്റിൽ നിന്ന് പള്ളി, വൈദിക മന്ദിരം, പാരീഷ്ഹാൾ എന്നിവിടങ്ങളിലേക്കാണ് വൈദ്യുതി ലഭ്യമാക്കുന്നത്.

**കേശദാനം**

സഹൃദയ ആശാകിരണം കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന കേശബാങ്കിലേക്ക് ചേർത്തല കോക്കമംഗലം സെന്റ് തോമസ് ഇടവകയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥിനി കേശദാനം നടത്തി. എട്ടാം ക്ലാസിൽ പഠിക്കുന്ന ബിയ ജേക്കബ് വാടപ്പുറം ആണ് കേശദാനം നടത്തിയത്.

**നവദർശൻ  പദ്ധതിയുടെ സമർപ്പണം**

എറണാകുളം, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ 10 ബഡ്സ് സ്കൂളുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമ ത്തിനും പുനരധിവാസത്തിനുമായി സഹൃദയ നടപ്പാക്കിയ 'നവദർശൻ' പദ്ധതിയുടെ സമർപ്പണവും വിദ്യാഭ്യാസകിറ്റ് വിതരണവും വി-ഗാർഡി ന്റെ സഹകരണത്തോടെ നടത്തി. പൊന്നുരുന്നി സഹൃദയ ട്രെയിനിംഗ് സെന്ററിൽ സംഘടിപ്പിച്ച പൊതുസമ്മേളനം ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ്പ് ആന്റണി കരിയിൽ പിതാവ് അധ്യക്ഷത വഹിച്ചു. ഒരു കോടി രൂപയുടെ ക്ഷേമ പ്രവർത്തനങ്ങളാണ് ഈ പദ്ധതിവഴി നടപ്പാക്കിയത്.

**കർക്കിടക ആരോഗ്യ പരിരക്ഷാ പദ്ധതി**

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ കർക്കിടകമാസ ആരോഗ്യപരിരക്ഷാ പരിപാടി സംഘടിപ്പിച്ചു. വർഷ കാല ചികിത്സകൾ, ഔഷധക്കഞ്ഞി വിതരണം, ആരോഗ്യ ക്യാമ്പു കൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുന്നു. പൊന്നുരുന്നി ഓഫീസി ലുള്ളവർക്കും പരിസരവാസികൾക്കുമായി ഒരാഴ്ചത്തെ മരുന്നുകഞ്ഞി വിതരണവും നടത്തി.

**സഹൃദയ ഫെസ്റ്റ്**

അതിരൂപതയുടെ സാമൂഹ്യ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് കൂടുതലായി അവബോധം പകരുന്നതിനും സുസ്ഥിരവും ആരോഗ്യ പ്രദവുമായ ജീവിതശൈലികളെക്കുറിച്ച് അറിയുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന സഹൃദയ ഫെസ്റ്റ് പുത്തൻ പള്ളി, വാഴക്കാല ഇടവക

കളിൽ സംഘടിപ്പിച്ചു. ആരോഗ്യക്യാമ്പ്, കാർഷിക, പരിസ്ഥിതി പ്രദർശനം, നാടൻ വിഭവങ്ങളുടെ മേള, തുടങ്ങിയവ ഫെസ്റ്റിന്റെ ഭാഗമായിരുന്നു. സഹൃദയ ഫെസ്റ്റ് സംഘടിപ്പിക്കാൻ താത്പര്യമുള്ള ഇടവകകൾ സഹൃദയ ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

**സന്യാസിനിമാർക്ക് സെമിനാർ**

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ എറണാകുളം പ്രൊവിൻസിലെ മഠങ്ങളിൽ സാമൂഹ്യപ്രവർത്തനത്തിന്റെ ചുമതലയുള്ളവർക്കായി കത്തോലിക്കാ സഭയുടെ സാമൂഹ്യപഠനങ്ങളെക്കുറിച്ച് സഹൃദയയുടെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.

**നഗരസഭാ ഡിവിഷനിൽ മാലിന്യസംസ്കരണ പദ്ധതി**

കൊച്ചി നഗരസഭയുടെ 62 ഡിവിഷനിൽ സഹൃദയയുടെ സഹകരണത്തോടെ മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം ഡിവിഷൻ കൗൺസിലർ പദ്മജ എസ്. മേനോൻ നിർവഹിച്ചു. ബയോ ബിന്നുകൾ, ഗ്രോ ബാഗുകൾ, എന്നിവയും വിതരണം ചെയ്തു.

**ആശ്വാസ് ഇൻഷുറൻസ്**

സഹൃദയ ആശ്വാസ് മെഡി ക്ലെയിം പോളിസി വഴി 2000 ജൂൺ 30 വരെ 90 ഇടവകകളിൽ നിന്നുള്ള ക്ലയിമുകളിൽ 2355117 രൂപ ചികിത്സാ ധനമായി നൽകി.

**പരിസ്ഥിതി സെമിനാർ**

വിമൻ വെൽഫെയർ സർവീസസ് കാഞ്ഞൂർ ഫൊറോനാ സമിതിയുടെ ആഭിമുഖ്യത്തിൽ ഇടവകതല ഭാരവാഹികൾക്കായി വാർഷികത്തോടനുബന്ധിച്ച് പരിസ്ഥിതി സെമിനാർ നടത്തി.

**ഹരിതസഹായ സ്ഥാപനം വിലയിരുത്തൽ**

കേരളം സർക്കാർ നവകേരള മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഹരിതസഹായ സ്ഥാപനങ്ങളുടെ വിലയിരുത്തൽ യോഗത്തിൽ സഹൃദയ പങ്കെടുത്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**ജൂലൈ 2022**

1 അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് രാവിലെ സി. ലില്ലി നരിതൂക്കിൽ എ.എം.ഐ.-യുടെ നിര്യാണത്തിൽ കലൂരിലുള്ള കോൺവെന്റിൽ ഒപ്പീസ് ചൊല്ലി.

പറവൂർ കോട്ടയ്ക്കാവ് ഫൊറോനാ പള്ളിയിൽനിന്നും, ആ ഇട വകയിൽ നിർമ്മിച്ച 'സാന്തോം കാരുണ്യഭവനങ്ങൾ' ആശീർ വദിച്ചു. തുടർന്ന് വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആഘോഷങ്ങളുടെ പതാക ഉയർത്തി വിശുദ്ധ ബലി അർപ്പിച്ചു.

02 ആന്റണി കരിയിൽ പിതാവ് എറണാകുളം ലിസ്സി ആശുപത്രി യിൽ രാവിലെ 8-ന് 'ഡോക്ടേഴ്സ് ഡേ' ആഘോഷത്തിൽ പങ്കെ ടുക്കുകയും പുതിയതായി സജ്ജീകരിച്ച കാത്ത് ലാബിന്റെ ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു.

പൊന്നുരുന്നി സഹൃദയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമത്തിനു നടപ്പാക്കിയ നവദർശൻ പദ്ധതിയുടെ പ്രഥമഘട്ട പൂർത്തീകരണ ആഘോഷങ്ങൾക്ക് ആശംസകൾ അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2.30-ന് തൃക്കാക്കര ലെവൂക്ക കോൺവെന്റിൽ നടന്ന സഭാവസ്ത്ര സ്വീകരണത്തിനും പ്രഥമ വ്രതവാഗ്ദാനത്തിനും മുഖ്യകാർമികത്വം വഹിച്ചു.

3 ആന്റണി കരിയിൽ പിതാവ് രാവിലെ കോക്കമംഗലം പള്ളിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് പള്ളിപ്പുറം പള്ളി സന്ദർശിക്കുകയും ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാനശില വെഞ്ചരിക്കുകയും ചെയ്തു.

4 ആന്റണി കരിയിൽ പിതാവ് രാവിലെ വെസ്റ്റ് കൊരട്ടി പള്ളിയിൽ ബഹു. റിജോ മൈനാട്ടിപ്പറമ്പിൽ അച്ചന്റെ വന്ദ്യമാതാവിന്റെ മൃതസംസ്കാര കർമ്മത്തിൽ സംബന്ധിച്ചു.

6 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം വെസ്റ്റ് കൊരട്ടി പള്ളിയിൽ അതിരൂപതാ സിഞ്ചെല്ലൂസ് ബഹു. ഹോർമിസ് മൈനാട്ടി അച്ചന്റെ വന്ദ്യമാതാവിന്റെ മൃതസംസ്ക്കാര കർമ്മത്തിൽ പങ്കെടുത്തു.

വൈകുന്നേരം നെടുങ്ങാട് പള്ളിയിൽ ബഹു. തോമസ് നരികുളം അച്ചന്റെ സഹോദരന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

7 ആന്റണി കരിയിൽ പിതാവ്, നിവേദിതയിൽ വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരെ സന്ദർശിച്ചു.

9 ആന്റണി കരിയിൽ പിതാവ് രാവിലെ കലൂർ റിന്യൂവൽ സെന്ററിൽ കുടുംബകൂട്ടായ്മ വൈസ് ചെയർപേഴ്സൺമാരുടെയും ജനറൽ സെക്രട്ടറിമാരുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

വൈകുന്നേരം അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ നിർമ്മാണം പൂർത്തിയാക്കിയ ക്രിട്ടിക്കൽ കെയർ കോംപ്ലക്സ് ആശീർവദിച്ചു.

10 ആന്റണി കരിയിൽ പിതാവ് രാവിലെ മുരിങ്ങൂർ പള്ളിയിൽ നടന്ന കെ.സി.വൈ.എം. അതിരൂപതാ യുവജനസമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം നവീകരിച്ച ചേന്ദമംഗലം പള്ളിയുടെ പുനഃ കൂദാശാകർമ്മം നടത്തി.

11 ആന്റണി കരിയിൽ പിതാവ്, ഉച്ചകഴിഞ്ഞ് ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജൂബിലിയോടനുബന്ധിച്ചുള്ള ദീപശിഖാ പ്രയാണത്തിന് മേജർ ആർച്ചുബിഷപ്സ് ഹൗസിൽ സ്വീകരണം നൽകി.

വൈകുന്നേരം ലിസി ആശുപത്രിയുടെ ഓൺലൈൻ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

12 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കോക്കമംഗലത്ത് ആർച്ചുബിഷപ്പ് ജോസഫ് ചേന്നോത്ത് പിതാവിന്റെ സഹോദരന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

വൈകുന്നേരം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

13 ആന്റണി കരിയിൽ പിതാവ് മൂക്കന്നൂർ ബേസിൽ ഭവനത്തിൽ വൈകുന്നേരം ബഹു. ബിനു കുരീക്കാട്ടിൽ സി.എസ്.റ്റി. അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് മുഖ്യകാർമ്മികത്വം വഹിച്ചു.

15 ആന്റണി കരിയിൽ പിതാവ് ചിറ്റനാട് ഇടവകയിൽ ബഹുമാനപ്പെട്ട ജോർജ്ജ് മുട്ടംതൊട്ടി സി.എം.ഐ. അച്ചന്റെ അമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

16 ആന്റണി കരിയിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പാസ്റ്ററൽ കൗസിൽ മീറ്റിംഗിൽ പങ്കെടുത്തു.

17 ആന്റണി കരിയിൽ പിതാവ് രാജഗിരി സി.എം.സി. കോൺവെന്റിൽ ഉച്ചകഴിഞ്ഞ് ബഹു. സി. ഹിലരി സി.എം.സി. യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി.

18 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന കപ്യാർന്മാരുടെ ധ്യാനത്തിൽ അവരെ സന്ദർശിച്ചു.

19 ആന്റണി കരിയിൽ പിതാവ് ഡൽഹി അപ്പസ്തോലിക് നുൺഷ്യേച്ചറിൽ ചെന്ന് വത്തിക്കാൻ സ്ഥാനപതിയുമായി കൂടിക്കാഴ്ച നടത്തി.

21 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന കപ്യാർന്മാരുടെ ധ്യാനത്തിൽ അവരെ സന്ദർശിച്ചു.

22 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം മുരിങ്ങൂർ ഡിവൈൻ

ധ്യാനകേന്ദ്രത്തിൽ നടന്ന ഗുഡ്നെസ് ടിവി അവാർഡ് പ്രോഗ്രാമിൽ സംബന്ധിച്ച് അവാർഡുകൾ വിതരണം ചെയ്തു.

23 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കറുകുറ്റി പള്ളിയിൽ ബഹു. മാത്യു വാളൂക്കാരൻ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

24 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം എളമക്കര പള്ളിയിൽ നടന്ന 'ഗ്രാന്റ് പാരന്റ്സ് ഡേ' യിൽ സംബന്ധിച്ചു.

25 ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ ബഹു. ജോർജ് നേരേവീട്ടിൽ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിലെ വിശുദ്ധ ബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം മേജർ ആർച്ച്ബിഷപ്സ് ഹൗസിൽ വത്തിക്കാൻ സ്ഥാനപതിയുമായി കൂടിക്കാഴ്ച നടത്തി.

28 ആന്റണി കരിയിൽ പിതാവ് രാവിലെ കലൂർ റിന്യൂവൽ സെന്ററിൽ നടന്ന മതാധ്യാപകരുടെ മീറ്റിംഗിൽ സംബന്ധിച്ച് അതിരൂപതാ മതബോധന കേന്ദ്രം തയ്യാറാക്കിയ നവീകരിച്ച 'കുടുംബ പ്രാർത്ഥനകൾ' എന്ന പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു.

* * * * *

Blessing of Cath Lab in Lisie Hospital
on 2 July 2022





Inauguration of Medical Critical Care Complex
at LF hospital on 9 July 2022

KCYM Meeting at Muringoor on 10 July 2022



RNI No. 3421/57
Date of Publication: 01-08-2022
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"As a Church, all of us need to be healed from the temptation of choosing to defend the institution rather than seeking the truth. With God's help, let us contribute to the building up of a Mother Church that is pleasing to Him."*

***POPE FRANCIS,***
***TWITTER MESSAGE, 27 JULY 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031
Editor: Fr. Jose Pollayil